# ഹാലേലൂയ്യ

413

VOL. 18 | ISSUE 24

Pages 12

16-31 DECEMBER, 2013 • ക്രൈസ്തവ ദ്വൈവാരിക

Price Rs. 10/-

Published From Thiruvalla on 15-12-2013 Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96


# സ്വവർഗ്ഗരതി ക്രിമിനൽ കുറ്റം: സുപ്രീം കോടതി

സ്വവർഗ്ഗ ലൈംഗീകത നിയമവിധേയമാക്കുന്നതിനെതിരെ ക്രൈസ്തവ പ്രസ്ഥാനങ്ങൾ നടത്തിയ നിയമ യുദ്ധത്തിൽ വിജയം. പരസ്പര സമ്മതത്തോടെയുള്ള പ്രകൃതിവിരുദ്ധ ലൈംഗീക ബന്ധം കുറ്റകരമല്ലെന്ന് 2009-ൽ ഡൽഹി ഹൈക്കോടതി വിധി പുറപ്പെടുവിച്ചിരുന്നു. ഈ വിധിക്കെതിരെ വിവിധ ക്രൈസ്തവ സംഘടനകളും, ഇതര മതസംഘടനകളും സുപ്രീം കോടതിയെ സമീപിക്കുകയായിരുന്നു. ജസ്റ്റീസ് എസ്.സിങ്ങ്‌വി അധ്യക്ഷനായ സുപ്രീം കോടതി ബഞ്ചാണ് ഹൈക്കോടതി വിധി റദ്ദാക്കിക്കൊണ്ട് വിധി പ്രഖ്യാപിച്ചത്.

വിധിയനുസരിച്ച് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 377-ാം വകുപ്പ് പ്രകൃതിവിരുദ്ധ ലൈംഗീക ബന്ധത്തിനെ ക്രിമിനൽ കുറ്റമായാണ് വ്യാഖ്യാനിച്ചിരിക്കുന്നത്. ഈ വകുപ്പ് റദ്ദാക്കണമോയെന്ന് പാർലമെന്റിന് തീരുമാനമെടുക്കാമെന്നാണ് വിധി പ്രഖ്യാപിച്ചുകൊണ്ട് സുപ്രീം കോടതി വ്യക്തമാക്കിയത്. പാർലമെന്റ് മറിച്ചൊരു തീരുമാനമെടുക്കുന്നതു വരെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 377-ാം വകുപ്പ് അതേ നിലയിൽ തുടരും. സുപ്രീം കോടതിയിൽ ഇവാഞ്ചലിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യക്ക് വേണ്ടി ഹാജരായ ക്രിസ്ത്യൻ ലോയേഴ്സ് അസോസിയേഷനിലെ അംഗമായ മലയാളി സുപ്രീം കോടതി അഭിഭാഷകൻ മനോജ് ജോർജ്ജ് ശക്തമായ വാദങ്ങളിലൂടെ സുപ്രീം കോടതിയെ ശരിയായ തീരുമാനത്തിലേക്ക് നയിക്കുകയായിരുന്നു. വേദപുസ്തകവും, ബൈബിൾ വാക്യങ്ങളും ഉദ്ധരിച്ചുകൊണ്ട് സ്വവർഗ്ഗാനുരാഗം എന്ന തിന്മക്കെതിരെയുള്ള വാദം ചിലപ്പോഴൊക്കെ കോടതി മുറിയെ സുവിശേഷ പ്രസംഗവേദി പോലെയാക്കി മാറ്റി.




*സുപ്രീം കോടതി വിധിക്കെതിരെ സ്വവർഗ്ഗാനുരാഗികളുടെ പ്രകടനം*

മനുഷ്യാവകാശ സംഘടനകളും സ്വവർഗാനുരാഗികളുടെ സംഘടനകളും വൻ പ്രതിഷേധവുമായി രംഗത്തെത്തിയിട്ടുണ്ട്. 377-ാം വകുപ്പ് എടുത്തു കളയുന്നതിന് പാർലമെന്റിൽ ശ്രമം നടത്തുമെന്ന് നിയമ മന്ത്രി കപിൽസിബിൽ പ്രഖ്യാപിച്ചു. 1837-ൽ കേണൽ മെക്കാളെയുടെ ലീഗൽ കമ്മീഷനാണ് ഈ നിയമം കൊണ്ടു വന്നത്. പ്രകൃതി വിരുദ്ധ ലൈംഗീകത ക്രിമിനൽ കുറ്റമാണെങ്കിലും രാജ്യത്ത് ഈ നിയമം ഇതു വരെ നടപ്പിലാക്കപ്പെട്ടിട്ടില്ലെന്നതാണ് വാസ്തവം.

സ്വവർഗ്ഗാനുരാഗം ഒരു ശാരീരിക പ്രശ്നമാണെന്നും നിയമം കൊണ്ട് മാറ്റം വരുത്താവുന്നതോ കുറ്റകൃത്യമായി പരിഗണിക്കേണ്ടതോ അല്ലെന്നാണ് അനുകൂലിക്കുന്നവരുടെ വാദം. ഇന്ത്യയിൽ 30 ലക്ഷത്തിലധികം സ്വവർഗാനുരാഗികളുള്ളതായാണ് കണക്കുകൾ. ബ്രിട്ടനുൾപ്പെടെയുള്ള നിരവധി പാശ്ചാത്യ രാജ്യങ്ങൾ സ്വവർഗ വിവാഹത്തെ വരെ നിയമവിധേയമാക്കിക്കഴിഞ്ഞു. അതിന്റെ ചുവട് പിടിച്ചാണ് ഇന്ത്യയിലും നിയമങ്ങൾ മാറ്റിയെടുക്കുവാൻ ശ്രമം നടന്നത്. ഇത് വെറുമൊരു നിയമപ്രശ്നം എന്നതിലുപരി ഒരു രാജ്യത്തിന്റെ ധാർമ്മിക ബോധത്തിന്റെ പ്രശ്നമാണ് അഡ്വ.മനോജ് ജോർജ്ജ് ഹാലേലൂയ്യായോട് പറഞ്ഞു.

## ഇത് ഒരു ക്രൈസ്തവന്റെ കടമ അഡ്വ. മനോജ് ജോർജ്ജ്



ഞാനൊരു ക്രിസ്തുവിശ്വാസിയാണ്. വേദപുസ്തകം നൽകുന്ന ധാർമ്മികതയാണ് എന്റെ അടിത്തറ. എന്റെ രാജ്യം സ്വവർഗാനുരാഗം പോലെ അധാർമ്മികമായ ഒരു കാര്യത്തെ നിയമവിധേയമാക്കുന്നത് എതിർക്കുക എന്നത് എന്റെ കടമയായി ഞാൻ കരുതുന്നു. സുപ്രീം കോടതിയിൽ ഹാജരായ അഡ്വ.മനോജ് ജോർജ്ജ് ഹാലേലൂയ്യായോട് പറഞ്ഞു. ഞാൻ വളരെയധികം പ്രാർത്ഥനയോടെയാണ് ഈ വിഷയത്തിൽ ഇടപെട്ടത് മനോജ് പറഞ്ഞു. നേരത്തെ ഹിമാചൽ സ്റ്റേറ്റിലെ മതപരിവർത്തന നിയമത്തിനെതിരെ സുപ്രീം കോടതിയിൽ വാദിച്ച് വിജയിച്ചതും മനോജ് ജോർജ്ജും സംഘവുമാണ്.

## ഹാലേലൂയ്യ ഇയർബുക്ക് ഒരു ഫോൺകോൾ സഹായം

മലയാളി പെന്തെക്കോസ്ത് സഭകളുടെ ചരിത്രവും വർത്തമാനവും സമഗ്രമായി ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയിരിക്കുന്ന ഹാലേലൂയ്യാ പെന്തെക്കോസ്ത് ഇയർബുക്ക് ജനുവരി 19-ന് പുറത്തിറങ്ങും. (കുമ്പനാട് കൺവൻഷൻ സമയത്ത്).

കേരളത്തിലെ പെന്തെക്കോസ്ത് സഭകളെക്കുറിച്ചുള്ള വിവരങ്ങൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിങ്ങനെ വേർതിരിച്ച് ഈ ഇയർബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രമകരമായ ഈ വിവര ശേഖരണത്തിൽ വായനക്കാരുടെ ഒരു ഫോൺകോൾ സഹായം ഞങ്ങൾ പ്രതീക്ഷിക്കുന്നു.

നിങ്ങൾ ഉൾപ്പെട്ടു നില്ക്കുന്ന ലോക്കൽ സഭ ഏത് പഞ്ചായത്തിൽ ആണെന്ന്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/കൃത്യമായി പറയുവാൻ സാധിക്കുമെങ്കിൽ താഴെയുള്ള ഏതെങ്കിലും ഫോൺ നമ്പറിൽ വിളിച്ച് അറിയിക്കുക. നിങ്ങളുടെ സഭയുടെ പേരും, ഫോൺ നമ്പരും, ഇയർബുക്കിൽ ഉൾപ്പെടുത്തുവാനുള്ള അവസാന അവസരമാണിത്.

ഇമെയിൽ വഴിയായും വിവരം നൽകാം. ഇമെയിലിൽ അയക്കുന്നവർ സഭയുടെ പേര്/സ്ഥലം/പഞ്ചായത്ത്/ജില്ല/പാസ്റ്ററുടെ പേര്/ഫോൺ നമ്പർ ഇത്രയും വിവരങ്ങൾ കൃത്യമായി നൽകുവാൻ ശ്രദ്ധിക്കുക.

**സമ്മാനം:** വിവരങ്ങൾ നൽകുന്നവരിൽ നിന്ന് നറുക്കിട്ടെടുക്കുന്ന 14 പേർക്ക് (ഒരു ജില്ലയിൽ ഒരാൾക്ക് വീതം) 400 രൂപ വിലയുള്ള ഇയർബുക്കും 2014ലെ ഡയറിയും സമ്മാനമായി നൽകുന്നതായിരിക്കും.

**വിളിക്കേണ്ടുന്ന നമ്പർ:**

**9349500155, 9744294144, 0469-3290355, 9747077397**

**hyearbook2012@gmail.com**

## ഐ.പി.സി സ്റ്റേറ്റ് കൺവൻഷന് അനുഗ്രഹ സമാപ്തി





*പാസ്റ്റർ ജേക്കബ് ജോൺ സമാപന സന്ദേശം നൽകുന്നു.*

**നിലമ്പൂർ:** ഐപിസി രണ്ടാമത് സംസ്ഥാന കൺവൻഷൻ ഡിസംബർ 4-8 വരെ നിലമ്പൂർ, പാലുണ്ട ന്യൂ ഹോപ്പ് ബൈബിൾ കോളജ് ഗ്രൗണ്ടിൽ നടന്നു. പാസ്റ്റർ കെ.സി. തോമസ് ഉദ്ഘാടനം ചെയ്ത യോഗങ്ങളിൽ പാസ്റ്റർമാരായ കെ. ജോയി, വി.പി. ജോസ് എന്നിവർ മുഖ്യ പ്രഭാഷകരായിരുന്നു. കൂടാതെ പാസ്റ്റർമാരായ രാജു പൂവക്കാല, ബാബു ചെറിയാൻ, സാം ജോർജ് , കെ.സി. ജോൺ എന്നിവർ പ്രസംഗിച്ചു. മലബാർ മേഖലയിലെ ശുശ്രൂഷക സമ്മേളനം പാസ്റ്റർ വി.ജെ. ജോർജ് ഉദ്ഘാടനം ചെയ്തു. കൂടാതെ സഹോദരി സമ്മേളനം, സണ്ടേസ്കൂൾ, യുവജന സമ്മേളനം എന്നിവ കൺവൻഷനോടനുബന്ധിച്ച് നടന്നു. ആയിരങ്ങൾ പങ്കെടുത്ത കർത്തൃമേശയ്ക്ക് പാസ്റ്റർ കെ.സി. തോമസ് നേതൃത്വം നൽകി. പാസ്റ്റർ ഷിബു നെടുവേലിൽ അധ്യക്ഷത വഹിച്ചു. പാസ്റ്റർ ഫിലിപ്പ് പി. തോമസ് പ്രസംഗിച്ചു. ഐപിസി ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോണിന്റെ സമാപന സന്ദേശത്തോടെ കൺവൻഷൻ സമാപിച്ചു. പ്രഥമ സംസ്ഥാന കൺവൻഷൻ 2011 നവംബറിൽ മലബാറിൽ വച്ച് വിജയകരമായി നടന്നെങ്കിലും കഴിഞ്ഞ വർഷം കൺവൻഷൻ നടത്തുന്നതിന് ജനറൽ കൗൺസിൽ അനുവാദം നൽകിയിരുന്നില്ല. ഇത് മലബാറിലെ വിശ്വാസികൾക്കിടയിൽ പ്രതിഷേധത്തിന് കാരണമായിരുന്നു. അതുമൂലം പ്രഥമ കൺവൻഷനിലുണ്ടായിരുന്ന ആവേശം വിശ്വാസികളിൽ പ്രകടമായിരുന്നില്ല.



*കുമ്പനാട് നവതി കൺവൻഷന്റെ പന്തൽ കാൽനാട്ടുകർമ്മം ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ നിർവ്വഹിക്കുന്നു.*


പ്രകൃതിസുന്ദരമായ കൊടൈക്കനാലിൽ അന്തർദേശീയ വിദ്യാർത്ഥികളോടും അധ്യാപകരോടുമൊപ്പം ആത്മീയ അന്തരീക്ഷത്തിൽ 09842224770, 09865265770, 09865270770

"All things work together for good to them that love God"-Romans 8:28

Born to Lead

PARADISE ACADEMY

Kodaikanal Christian College

FAITH KNOWLEDGE SERVICE

INDIA'S FOREMOST CHARISMATIC CHRISTIAN INSTITUTION

Kodaikanal Christian College

(Autonomous) Affiliated to Madurai Kamaraj University | Approved by UGC under 12B & 2f Status

www.kcc.edu.in

# എല്ലാ ചോദ്യങ്ങൾക്കും ഒരുത്തരം എല്ലാ പ്രതിസന്ധികൾക്കും ഒരേ പരിഹാരം



**അനീഷ് തോമസ് വെച്ചൂച്ചിറ**

ചോദ്യങ്ങളില്ലാത്ത മനുഷ്യരില്ല. അങ്ങനെ തന്നെ പ്രതിസന്ധികളും. മനുഷ്യജീവിതത്തിന്റെ ഭാഗമാണത്. ചിലർ ഉത്തരം തേടി അലയുന്നു. അവസാനം പരാജയമെന്ന പാഴ്‌വസ്തു ജീവിതത്തിന്റെ ഷോകെയ്സിൽ (Show case) സൂക്ഷിക്കുന്നു. പിന്നീട് വിളിച്ചു പറയുന്നു: എല്ലാ ചോദ്യങ്ങൾക്കും ഉത്തരം കിട്ടില്ല. മുഴുവൻ പ്രശ്നങ്ങൾക്കും പരിഹാരവുമില്ല! പക്ഷേ ഒന്നു മനസ്സിലാക്കണം പരാജയങ്ങൾ എന്നും താത്ക്കാലികമാണ്. ജയം നിലനില്ക്കുന്നത് നിത്യവും. അതായത് ഒരിക്കൽ പരാജയപ്പെട്ടാൽ ജയിക്കുവാൻ നൂറുകണക്കിനവസരങ്ങൾ ഇനിയുമുണ്ട്. എന്നാൽ ഒരിക്കൽ ജയിച്ചാൽ ആ വിഷയത്തിന് ഒരിക്കലും നമ്മെ പരാജയത്തിലേക്ക് നയിക്കുവാൻ കഴിയുകയില്ല.

പഴയനിയമത്തിന്റെ താളുകളിൽ ദൈവത്തെ സംബോധന ചെയ്യുന്ന മനോഹരമായൊരു എബ്രായ പദമുണ്ട്. 'ഏൽശദ്ദായി' 'സകലത്തിനും മതിയായവൻ'എന്നർത്ഥം. ജീവിതത്തിന്റെ ഓരോ ഘട്ടങ്ങളിലും എല്ലാ ആവശ്യങ്ങളിലും പഴയനിയമ ഭക്തർ അറിഞ്ഞതും അനുഭവിച്ചതും ഏൽശദ്ദായിയെയാണ്. മറ്റൊന്ന് മരുഭൂമി യാത്രയിൽ ദാഹിച്ചു വലഞ്ഞ യിസ്രായേൽ മക്കളെ സംതൃപ്തരാക്കിയ ഒരു ആത്മിയപാറയെക്കുറിച്ചും വചനം പറയുന്നു. എന്നാൽ അവിടെ വെളിപ്പെട്ട് നിന്നത് ക്രിസ്തു ആണെന്നുള്ളതാണ് സത്യം. "'അവരെ അനുഗമിച്ച ആത്മിക പാറയിൽ നിന്നല്ലോ അവർ കുടിച്ചത്; ആ പാറ ക്രിസ്തു ആയിരുന്നു.'(1കൊരി.10:4). എന്നിട്ടും ചോദ്യങ്ങൾ അവസാനിച്ചില്ല, പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങളും. "കൈസർക്ക് കരം കൊടുക്കുന്നത് വിഹിതമോ അല്ലയോ?", "എല്ലാറ്റിലും മുഖ്യ കല്പന ഏത്?" (മത്തായി 12:14,28) ഇത്തരത്തിൽ കാപഠ്യം നിറഞ്ഞ ചോദ്യങ്ങൾക്ക് മാത്രമല്ല, നിഷ്കളങ്കമായ ചോദ്യങ്ങൾക്കും ഉത്തരം നൽകുന്ന യേശുവിനെ പുതിയനിയമത്തിൽ കാണാം. "പത്രോസ് അവനോട്: ഇതാ ഞങ്ങൾ സകലവും വിട്ട് നിന്നെ അനുഗമിച്ചിരിക്കുന്നു എന്ന് പറഞ്ഞു തുടങ്ങി. അതിന് യേശു എന്റെ നിമിത്തവും സുവിശേഷം നിമിത്തവും വീടോ സഹോദരന്മാരെയോ സഹോദരികളെയോ അപ്പനെയോ, മക്കളെയോ നിലങ്ങളെയോ വിട്ടാൽ ഈ ലോകത്തിൽ തന്നെ ഉപദ്രവങ്ങളോട് കൂടെ നൂറുമടങ്ങ് വീടുകളെയും സഹോദരന്മാരെയും സഹോദരികളെയും അമ്മമാരെയും മക്കളെയും നിലങ്ങളെയും വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപിക്കാത്തവൻ ആരുമില്ല എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു." (മത്തായി 10:28-30). പഴയനിയമത്തിലെ 'ഏൽശദ്ദായി' തന്നെയാണ് യേശുക്രിസ്തു. കാനായിലെ വിവാഹ വീട്ടിലും നയീൻ പട്ടണത്തിലെ വിധവയ്ക്കും തന്റെ വസ്ത്രമെങ്കിലും സ്പർശിച്ച നൂറുകണക്കിന് രോഗികൾക്കും, ദുരാത്മ ബാധിതർക്കും, യേശു അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമായിരുന്നു. ചോദ്യങ്ങൾക്കുത്തരമായിരുന്നു.

വിശക്കുന്നവർക്ക് അവൻ ആഹാരവും (യോഹന്നാൻ 6:51), വഴി അറിയാത്തവർക്ക് അവൻ വഴിയും (യോഹന്നാൻ 14:6), വാതിലുകളടഞ്ഞവർക്ക് അവൻ വാതിലും (യോഹന്നാൻ 10:7), സത്യം അറിയാത്തവർക്ക് അവൻ സത്യവും (യോഹന്നാൻ 14:6), മരിച്ചവർക്ക് അവൻ ജീവനും പുനരുത്ഥാനവും (യോഹന്നാൻ 11:25), ഇരുട്ടിലിരിക്കുന്നവർക്ക് അവൻ വെളിച്ചവും (യോഹന്നാൻ 8:12) അതേ എല്ലാവർക്കും എല്ലാം യേശു മാത്രമാണ്. സന്തോഷകരമായ ഒരു സത്യം ഞാൻ തുറന്നു പറയട്ടെ: ആരുമറിയാതെ ഉള്ളിൽ സ്വരൂപിച്ച ചോദ്യങ്ങൾ നിഷ്ക്കളങ്കതയോടെ പത്രോസിനേപ്പോലെ നമുക്ക് ചോദിക്കാം. പ്രതിസന്ധികളുടെ ലഭ്യമായ പരാജയത്തെ ചവറ്റുകുട്ടയിലെറിഞ്ഞിട്ട് യേശുവിന്റെ വസ്ത്രത്തിലെങ്കിലും ഒന്ന് സ്പർശിക്കാം. ശ്രദ്ധിക്കുക എല്ലാ ചോദ്യങ്ങളുടെയും ഉത്തരം, എല്ലാ പ്രതിസന്ധികളുടെയും പരിഹാരം; യേശുക്രിസ്തു!

## കൊട്ടാരക്കര മേഖല കൺവൻഷൻ

കൊട്ടാരക്കര: ഐപിസി കൊട്ടാരക്കര മേഖല യുടെ 54-ാ മത് കൺവൻഷൻ ജനുവരി 1-5 വരെ കൊട്ടാരക്കര ബേർശേബ ഗ്രൗണ്ടിൽ നടക്കും. മേഖല പ്രസിഡന്റ് പാസ്റ്റർ ഇ.സി. ജോർജ് ഉദ്ഘാടനം ചെയ്യുന്ന യോഗങ്ങളിൽ പാസ്റ്റർമാരായ ടി.ഡി. ബാബു, ബേബി കടമ്പനാട്, വർഗീസ് ഏബ്രഹാം, ജേക്കബ് ജോർജ്, കെ.സി. ജോൺ, ബാബു ചെറിയാൻ, ജയിംസ് ജോർജ്, സാം ജോർജ്, ഫിലിപ്പ് പി. തോമസ് എന്നിവർ പ്രസംഗിക്കും.

2ന് ഉച്ചക്ക് പാസ്റ്റർ വർഗീസ് മത്തായിയുടെ അധ്യക്ഷതയിൽ നടക്കുന്ന ശുശ്രൂഷക കുടുംബ സംഗമം പാസ്റ്റർ കെ.സി തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ എം.വി. വർഗീസ്, ഡോ. ജയ്സൺ തോമസ് എന്നിവർ പ്രസംഗിക്കും.

കൺവൻഷനോടനുബന്ധിച്ച് പൊതുയോഗം, ബൈബിൾ ക്ലാസ്, സോദരി സമാജം വാർഷികം, സണ്ടേസ്കൂൾ-പിവൈപിഎ വാർഷിക സമ്മേളനം എന്നിവ നടക്കും. 5ന് ഞായറാഴ്ച നടക്കുന്ന കർത്തൃമേശക്ക് പാസ്റ്റർ ഇ.സി. ജോർജ് കാർമികത്വം വഹിക്കും. മേഖലയിൽ ഉൾപ്പെട്ട 20 സെന്റർ/ഏരിയകളിൽ നിന്നുമായി ആയിരക്കണക്കിന് വിശ്വാസികളും ശുശ്രൂഷകന്മാരും പങ്കെടുക്കും. വെണ്ണിക്കുളം സയോൺ സിംഗേഴ്സ് ഗാനശുശ്രൂഷ നിർവഹിക്കും. കുമ്പനാട് കൺവൻഷൻ കഴിഞ്ഞാൽ ഐപിസി യുടെ ഏറ്റവും വലിയ ആത്മീയ സംഗമമാണ് കൊട്ടാരക്കര കൺവൻഷൻ.

## യു.പി.എൽ.പി.എഫ് തയ്യൽ മെഷീൻ നൽകി



ബാംഗ്ലൂർ: കർണ്ണാടകയിലെ ക്രിസ്തീയ വനിതകളുടെ സംഘടനയായ യുണൈറ്റഡ് പെന്തെക്കോസ്തൽ ലേഡീസ് പ്രെയർ ഫെലോഷിപ്പ് തയ്യൽ മെഷീൻ വിതരണം ചെയ്തു. ഹൂഡി ഗ്രാമത്തിലെ ബസവ നഗർ ചേരിപ്രദേശത്തെ സാമ്പത്തികബുദ്ധിമുട്ടനുഭവിക്കുന്ന ആറു വനിതകൾക്കാണ് തയ്യൽ മെഷീനുകൾ നൽകിയത്. പ്രസിഡന്റ് സിസ്റ്റർ മേഴ്സി മാണി അധ്യക്ഷത വഹിച്ചു. പ്രൊഫസർ സാറ തോമസ്, സിസ്റ്റർ സ്മിത ചാക്കോ, പാസ്റ്റർ ദേവരാജ്, ഇവാ.ചാണ്ടി വർഗീസ്, ബ്രദർ ബിനു മാത്യു എന്നിവർ തയ്യൽ മെഷീൻ വിതരണം ചെയ്തു.

## കൺവൻഷൻ

ഒലവക്കോട്: ഐ.പി.സി.ഒലവക്കോട് സെന്റർ കൺവൻഷൻ ജനുവരി 9-12 വരെ അകത്തേത്തറ ശാലേം ബൈബിൾ സ്കൂൾ ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർമാരായ സാം ജോർജ്ജ്, ഫിലിപ്പ് പി.തോമസ്, ഷിബു നെടുവേലിൽ, ജോൺസൺ ദാനിയേൽ, ജോർജ് എൻ.ഏബ്രഹാം, എം.കെ. ജോയി, എന്നിവർ പ്രസംഗിക്കും.

## ഐ.പി.സി.ബാരിപഢ വാർഷിക കൺവൻഷൻ




ബാരിപഢ: ഉത്തര ഒറീസ്സയിലെ മയൂർഭഞ്ജ് ജില്ലയിലെ ഐ.പി.സി. സഭകളുടെ നാലാമത് വാർഷിക കൺവൻഷൻ നവംബർ 15-17 വരെ ബാരിപഢ ടൗണിൽ ഗ്രഹാം സ്റ്റെയിൻസ് നഗറിൽ നടന്നു. ഡിസ്ട്രിക്ട് ശുശ്രൂഷകൻ അശോക് ദിഗാൾ ഉദ്ഘാടനം ചെയ്തു. റവ.ഗൗരവ് ഹെബ്രം, ജേക്കബ് തോമസ്, പാസ്റ്റർ വി.ഡി.ബാബു, പാസ്റ്റർ സന്തോഷ് മജി, പാസ്റ്റർ ഡോൺ കുരുവിള തുടങ്ങിയവർ പ്രസംഗിച്ചു. പാസ്റ്റർ ജോൺ മത്തായിയുടെ അധ്യക്ഷതയിൽ നടന്ന സംയുക്ത ആരാധനയിൽ പാസ്റ്റർ തോമസ് റോയ് തിരുവത്താഴ ശുശ്രൂഷ നിർവ്വഹിച്ചു. ഒറിസ്സയിലെ വടക്കൻ ജില്ലകളിൽ നിന്നായി എഴുന്നൂറിൽപരം വിശ്വാസികൾ സംബന്ധിച്ചു. സന്താൾ വർഗ്ഗക്കാരുടെ ഇടയിലെ പ്രവർത്തനങ്ങളെ സഹായിക്കുന്നത് ഐ.പി.സി. കുവൈറ്റാണ്. ഒറീസ്സയിലെ ഉത്തര ജില്ലകളിൽ ഐ.പി.സിക്ക് മുപ്പത് ലോക്കൽ സഭകളും, ശുശ്രൂഷകന്മാരുമുണ്ട്.

## കർണ്ണാടക ഐ.പി.സി. ഷിമോഗ സെന്റർ കൺവൻഷൻ

ഷിമോഗ: ഐ.പി.സി.കർണ്ണാടക സ്റ്റേറ്റ് വിഭാഗമായ ഷിമോഗ സെന്റർ വാർഷിക കൺവൻഷൻ ഡിസംബർ 4-6 വരെ ഭദ്രാവതി ന്യൂ ടൗൺ ലയൺസ് ക്ലബ് ഓഡിറ്റോറിയത്തിൽ നടന്നു. പാസ്റ്റർ ഷാജി ജോസഫ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ സാം ജോർജ്ജ്, പോൾ വർക്കി (കർണ്ണാടക ഐ.പി.സി.സീനിയർ ജനറൽ മിനിസ്റ്റർ), റ്റി.ഡി.തോമസ്, രാജൻ ജോൺ, കൊട്ടരേശ് എന്നിവർ പ്രസംഗിച്ചു.


## ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി

(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)



പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം, പ്രാർത്ഥന, വിടുതൽ

ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ

എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ

**പാസ്റ്റർ റോയി പൂവക്കാല**

ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി

Ph: 9447401039 0469-2692939



## PRAYER CELL

പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com


## ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| **വിദേശത്തേക്ക്** | | |
| യു.എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു.കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

## ഹാലേലുയ്യാ പരസ്യനിരക്കുകൾ

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 12,000/- |
| ½ Page | 10,000/- | 6,000/- |
| ¼ Page | 5,000/- | 3,000/- |
| 10cm x 3 column | 3,000/- | 2,000/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000


## ADMISSION BOOKING STARTED



2014-15 അദ്ധ്യയനവർഷത്തിലേക്കുള്ള **MD, MS, MDS, MBBS, BDS, Pharm D., Engg., Nursing** തുടങ്ങിയ കോഴ്സുകളിലേക്കുള്ള അഡ്വാൻസ് ബുക്കിങ് ആരംഭിച്ചിരിക്കുന്നു. മംഗലാപുരം, ബാംഗ്ലൂർ, ചെന്നൈ, കോയമ്പത്തൂർ എന്നിവടങ്ങളിലെ പ്രശസ്തമായ കോളജുകളിൽ ഇപ്പോൾ ബുക്ക് ചെയ്യുന്നവർക്ക് വളരെ മിതമായ ഫീസിൽ അഡ്മിഷൻ ലഭിക്കുന്നതാണ്.

CALL @ 9947963438 9847170530

കരിയർ കൗൺസിലിംഗ് സെമിനാറുകൾ സംഘടിപ്പിക്കുവാൻ ബന്ധപ്പെടുക

CAREER EDUCATION
WHERE EDUCATION HAS A NEW DIMENSION

CAREER CONSULTANT
**SIBI THOMAS**
PYPA Kottayam
Zonal President



AMPRAYIL BLDGS, YMCA JN.,T.K. ROAD
THIRUVALLA PH 0469-2620999, 2606002

**യാത്രക്കിടയിൽ**

സാംകുട്ടി ചാക്കോ
നിലമ്പൂർ

# പെന്തെക്കോസ്ത്

# നന്മയുടെ തറവാട്

## സുവിശേഷീകരണവും കൂട്ടായ്മയും



**പെ**ന്തെക്കോസ്തിന്റെ നന്മകളിൽ രണ്ടാമതായി ഞാൻ ചൂണ്ടിക്കാണിക്കുവാനാഗ്രഹിക്കുന്നത്-സുവിശേഷീകരണത്തിലുള്ള അത്യുത്സാഹമാണ്. ഭാരതത്തിൽ സുവിശേഷീകരണ യത്നങ്ങളിൽ എല്ലാക്കാലത്തും ഒന്നാം സ്ഥാനത്തു നില്ക്കുന്നത് കത്തോലിക്കാ സഭയാണ്. കത്തോലിക്കാ സഭ ക്രമീകൃതമായി നടപ്പിലാക്കിയ വിദ്യാഭ്യാസ-ആതുര സേവന പദ്ധതികളിലൂടെ നേടിയതിന്റെ ഒരംശം പോലും മറ്റൊരു സഭയും ഭാരത സുവിശേഷവത്ക്കരണത്തിൽ നേടിയിട്ടില്ല.

എന്നാൽ കത്തോലിക്കാ സഭയുടെ സുവിശേഷവത്ക്കരണ പരിപാടികളും പെന്തെക്കോസ്ത് സഭകളുടെ സുവിശേഷീകരണ താത്പര്യവും തമ്മിൽ വലിയ വ്യത്യാസമുണ്ട്. കത്തോലിക്കാ സഭയുടെ പുരോഹിതരും കന്യാസ്ത്രീകളുമടങ്ങുന്ന സഭാ മിഷണറിയാണ് എല്ലാ പ്രൊജക്ടുകളുടെയും മുന്നിലും പിന്നിലുമുള്ളത്. എന്നാൽ പെന്തെക്കോസ്തിൽ സുവിശേഷീകരണം ഓരോ വിശ്വാസിയുടെയും ക്രിസ്തീയ ജീവിതത്തിന്റെ ഭാഗമായി മാറിയെന്നതാണ് വാസ്തവം.

സുവിശേഷീകരണ താത്പര്യങ്ങളില്ലാത്ത യാക്കോബായ - ഓർത്തഡോക്സ് സമൂഹങ്ങളിൽ നിന്നാണ് നല്ലൊരു പങ്ക് ആളുകൾ പെന്തെക്കോസ്തിലെത്തിയത്. സുവിശേഷ വെളിച്ചമുള്ള മാർത്തോമ്മ സഭയിൽ നിന്നാണ് മറ്റൊരു പ്രധാന വിഭാഗം പെന്തെക്കോസ്തിലെത്തിയത്. ഈ രണ്ട് ഗ്രൂപ്പും സുവിശേഷം അറിയിക്കുന്നത് തങ്ങളുടെ ദൗത്യമായി ഏറ്റെടുത്തു. പെന്തെക്കോസ്തിന് വേരോട്ടമുണ്ടായ ഓരോ പ്രദേശത്തെ ചരിത്രം പരിശോധിക്കുമ്പോഴും നമുക്ക് ബോധ്യമാകുന്ന കാര്യം പാസ്റ്റർമാരുടെയോ പൂർണ്ണസമയ സുവിശേഷ പ്രവർത്തകരുടെയോ പരിശ്രമത്തേക്കാൾ സഭാ വളർച്ചയുടെ കാരണമായത് സാധാരണക്കാരായ വിശ്വാസികളാണ്. ഇന്നിപ്പോൾ സുവിശേഷം അറിയിക്കുന്നത് ഉപദേശിയുടെ പണിയാണ്, ഞങ്ങൾക്കിതിൽ റോളൊന്നുമില്ലെന്ന് ചിന്തിക്കുന്ന ധാരാളം വിശ്വാസികൾ സഭയിലുണ്ട്. എന്നാൽ പെന്തെക്കോസ്തിലെത്തിയതിൽ 60 ശതമാനം പേരെങ്കിലും തങ്ങളുടെ വിശ്വാസം മറ്റുള്ളവരുമായി പങ്കിടുവാൻ താൽപ്പര്യപ്പെടുന്നവരാണ്. കേവലം സഭ വളർത്തുക എന്ന ലക്ഷ്യമല്ല ഇതിന്റെ പിന്നിലുണ്ടായിരുന്നത്. തങ്ങളെ രൂപാന്തരപ്പെടുത്തിയ ദൈവസ്നേഹത്തിൽ നിന്ന് ഉടലെടുത്ത സഹജീവിയോടുള്ള ആഴമായ സ്നേഹമാണ് ഓരോ പെന്തെക്കോസ്ത്കാരനും സുവിശേഷം അറിയിക്കുവാൻ പ്രേരണയാകുന്നത്. നിത്യനരകമെന്ന യാഥാർത്ഥ്യത്തിൽ നിന്ന് ഒരാളേക്കൂടെ രക്ഷിക്കാനുള്ള താല്പര്യം. സുവിശേഷീകരണം എന്ന ദർശനത്തിൽ നിന്ന് ഇന്നത്തെ പെന്തെക്കോസ്തുകാർ പതിയെപ്പതിയെ പുറകോട്ടു പോകുന്നു എന്ന യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ടു തന്നെ പറയട്ടെ പെന്തെക്കോസ്തിനെ മറ്റ് ക്രൈസ്തവ സഭകളിൽ നിന്ന് വ്യത്യസ്തമാക്കുന്ന നന്മകളിലൊന്നാണ് സുവിശേഷീകരണ ത്വര.

സുവിശേഷീകരണത്തോടുള്ള ഈ താത്പര്യത്തിന്റെ മറ്റൊരു മുഖമാണ് സുവിശേഷ വേലക്ക് വേണ്ടി പണം മുടക്കുവാനുള്ള മനോഭാവം. ഒരു കാലത്ത് ഇന്ത്യയിലെ ഒട്ടുമിക്ക സുവിശേഷീകരണ പ്രസ്ഥാനങ്ങളും പിടിച്ചു നിന്നത് വിദേശ സാമ്പത്തിക സഹായം കൊണ്ടാണ്. എന്നാൽ ഇന്ന് കാര്യങ്ങൾ മാറി വരുന്നു. സുവിശേഷ വേലക്ക് പണം നൽകുന്ന കാര്യത്തിൽ പെന്തെക്കോസ്തർ മറ്റെല്ലാ ക്രൈസ്തവർക്കും മാതൃകയാണ്.

എന്റെ ഒരു സുഹൃത്ത് പറഞ്ഞ ഒരു സംഭവം ഓർപ്പിക്കട്ടെ. അദ്ദേഹത്തിന്റെ സ്നേഹിതനായ ഒരു ഓർത്തഡോക്സ് പുരോഹിതൻ, തിരുവനന്തപുരത്തെ പ്രധാനപ്പെട്ട ഒരു ഇടവകയിൽ പുരോഹിതനായിരിക്കുന്ന കാലം. ആ ഇടവകയിൽ അംഗത്വമുള്ള ഒരാൾ കേരളത്തിലെ ഒരു മന്ത്രിയാണ്. കൂടാതെ ധാരാളം ഉന്നത ജോലിയുള്ളവരും ഒക്കെയുള്ള പള്ളി. പക്ഷേ ഈ അച്ചൻ മിക്ക ദിവസവും രാത്രി എട്ടു മണിയാകുമ്പോഴാണ് മാർക്കറ്റിൽ പോയി മീൻ വാങ്ങുന്നത്. കാരണം ലഭിക്കുന്ന വരുമാനം കൊണ്ട് ജീവിക്കുവാനുള്ള പെടാപ്പാടിൽ പകൽ പോയി അച്ചൻ മത്തിയോ വില കുറഞ്ഞ മീനോ വാങ്ങുന്നത് ആരെങ്കിലും കണ്ടാലോ എന്ന് ഭയന്നാണ് കട അടയ്ക്കാറാവുമ്പോൾ മീൻ വാങ്ങുവാൻ പോകുന്നത്.

എന്നാൽ അതൊരു പെന്തെക്കോസ്ത് സഭയായിരുന്നെങ്കിൽ ആ ശുശ്രൂഷകന്റെ വരുമാനം എത്ര ഉയർന്നതാകുമായിരുന്നു. കാരണം ദൈവവേലക്കും ദൈവദാസന്മാർക്കും കൈതുറന്ന് കൊടുക്കുവാനുള്ള പെന്തെക്കോസ്തുകാരുടെ മനസ് ഈ സമൂഹത്തിന്റെ നന്മകളിൽ അക്കമിട്ട് നിരത്തേണ്ടുന്ന കാര്യമാണ്.

തങ്ങൾക്ക് ലഭിക്കുന്ന എല്ലാ ഭൗതിക നേട്ടങ്ങളുടെയും ഉടമ ദൈവമാണെന്നും തങ്ങൾ വെറും കാര്യവിചാരകർ മാത്രമാണെന്നുമുള്ള അടിസ്ഥാന ബോധ്യമാണ് വിശ്വാസികളെ സുവിശേഷ വേലക്കും സഭാ കാര്യങ്ങൾക്കും പണം മുടക്കുവാൻ പ്രേരിപ്പിക്കുന്ന ഘടകം. ഇങ്ങനെ കാര്യവിചാരകത്വത്തെക്കുറിച്ചുള്ള തിയറിയൊന്നും അറിയില്ലെങ്കിൽ പോലും പെന്തെക്കോസ്തുകാർ ദൈവവേലക്ക് പിശുക്കില്ലാതെ പണം മുടക്കുന്നു. ദൈവവേല ചെയ്യുന്നവരെ കൈതുറന്ന് സഹായിക്കുന്നു. (ഇതൊക്കെ മുതലെടുക്കുന്ന കള്ളനാണയങ്ങൾ പെന്തെക്കോസ്തിലുണ്ടെന്നത് മറക്കുന്നില്ല).

ആരാധനയോടുള്ള മനോഭാവമാണ് എടുത്തു പറയേണ്ടുന്ന നന്മകളിൽ മറ്റൊന്ന്. പ്രാർത്ഥന, പ്രസംഗം, പാട്ട് തുടങ്ങി കർതൃമേശാ ശുശ്രൂഷ വരെയുള്ള ആരാധനയുടെ വിവിധ ചടങ്ങുകൾ മാത്രമല്ല പെന്തെക്കോസ്ത് വിശ്വാസിക്ക് ആരാധന. അത് വിശ്വാസ ജീവിതത്തെ മുന്നോട്ട് നയിക്കുന്ന ശക്തി സ്രോതസാണ്. അതിനാൽ തന്നെ ഒരു പെന്തെക്കോസ്ത് വിശ്വാസിക്ക് ആരാധന മുടക്കുക എന്നത് ആലോചിക്കുവാൻ പോലും വയ്യാത്ത കാര്യമാണ്. 500 കുടുംബങ്ങളുള്ള ഒരു മാർത്തോമ്മ/യാക്കോബായ ഇടവകയിൽ ഞായറാഴ്ച പള്ളിയിലെത്തുന്ന വിശ്വാസികളുടെ എണ്ണത്തിന് തുല്യമായിരിക്കും 50 കുടുംബമുള്ള ഒരു പെന്തെക്കോസ്ത് സഭയിലെ ആരാധനക്കെത്തുന്നവർ. കത്തോലിക്കരെപ്പോലെ ഭക്തി പ്രകടിപ്പിക്കാറില്ലെങ്കിലും ആരാധനയും കൂട്ടങ്ങളും പെന്തെക്കോസ്തിൽ ഒഴിച്ചു കൂടാനാവാത്തതാണ്.

അടുത്തത് പെന്തെക്കോസ്തർ തമ്മിലുള്ള ഇഴയടുപ്പമാണ്. ബന്ധുക്കളോടുള്ളതിനേക്കാൾ അടുപ്പം ഒരു സഭയിലെ വിശ്വാസികൾ തമ്മിലുണ്ടാകുന്നു. പഴയ കാലത്തെ അത്രയും തീവ്രത ഇപ്പോഴില്ലെങ്കിലും പെന്തെക്കോസ്ത് വിശ്വാസികൾ ഒരു കുടുംബത്തിലെ അംഗങ്ങൾ പോലെ പരസ്പരം സ്നേഹിക്കുന്നു. മറ്റേത് ക്രൈസ്തവ സമൂഹത്തെയുംകാൾ പെന്തെക്കോസ്തിന്റെ നന്മകളിൽ ഒന്നാണിത്. ഈ ഇഴയടുപ്പമാണ് പെന്തെക്കോസ്തിൽ നിന്ന് ആളുകൾ വിട്ടുപോകാത്തതിന്റെ ഒരു കാരണം.



# ജനറൽ കമ്പാർട്ടുമെന്റിൽ ആടുജീവിതം



തോമസ് മുല്ലയ്ക്കൽ

**ലോ**കത്തിലെ ഏറ്റവും വലിയ തൊഴിൽ ദാതാവാണ് ഇന്ത്യൻ റെയിൽവേ. മുംബൈ നഗരത്തിന്റെ ജീവനാഡിയെന്ന് വിശേഷിപ്പിക്കാവുന്ന ലോക്കൽ ട്രെയിനുകളിൽ ഒരിക്കലെങ്കിലും കയറിയിട്ടുള്ളവർക്ക് മറക്കാനാവില്ല ആ യാത്ര! അര മിനിറ്റിൽ താഴെ സമയം നിർത്തുന്ന ട്രെയിനിൽ കയറുകയും ഇറങ്ങുകയുമൊക്കെ ചെയ്യുന്നത് ജീവൻ കയ്യിൽ പിടിച്ചു കൊണ്ടാണെങ്കിലും അങ്ങനെ ചിന്തിക്കാറു പോലുമില്ലെന്നതാണ് സത്യം. കഴിഞ്ഞ രണ്ടു വർഷത്തോളമായി ലോക്കൽ ട്രെയിനിലുള്ള യാത്ര ആവോളം 'ആസ്വദിക്കുകയാണെങ്കിലും' കോട്ടയിൽ (രാജസ്ഥാനിലെ കോട്ട എന്ന സ്ഥലം) നിന്നും മുംബൈയിലെ അന്ധേരി വരെയുള്ള ട്രെയിൻ യാത്രയുടെ 'മധുര സ്മരണ' യാണ് ഇതിൽ പരാമർശിക്കുന്നത്.

ജീവിതത്തിൽ ചില കാര്യങ്ങൾ ദൈവം നമ്മെ പഠിപ്പിക്കുവാൻ തീരുമാനിച്ചാൽ 'അടിയനിതാ, അടിയനെ മെരുക്കി നന്നാക്കിയാലും' എന്ന് പ്രാർത്ഥിച്ച് അങ്ങ് കീഴടങ്ങുന്നതാണ് ബുദ്ധി! ബാക്കിയെന്തൊക്കെ അഭ്യാസമിറക്കിയാലും അവിടുന്ന് നമ്മെ വിടത്തില്ല എന്നെനിക്ക് ജീവിതത്തിൽ ഒരിക്കൽക്കൂടി അനുഭവത്തിലൂടെ മനസിലായി. രാജസ്ഥാനിലെ ഐപി.സി. ജയ്പ്പൂർ ഡിസ്ട്രിക്ടിന്റെ കൺവൻഷനും, സ്റ്റേറ്റ് പാസ്റ്റേഴ്സ് മീറ്റിംഗിനുമായി സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ ജോർജ്ജ് സി. വർഗീസിന്റെ ക്ഷണമനുസരിച്ചാണ് ഞാൻ ജയ്പ്പൂരിലേക്ക് പോയത്. ത്രീടയർ എ. സി.യിലുള്ള യാത്ര പരമസുഖം. മെസേജ് തയ്യാറാക്കുവാനും പുസ്തകങ്ങൾ വായിക്കുവാനുമൊക്കെ ശാന്തമായ അന്തരീക്ഷം. സ്റ്റേറ്റ് ട്രഷറാറിന്റെ ഉത്തരവാദിത്തം വഹിക്കുന്ന ബിനു മാത്യു റെയിൽവേ സ്റ്റേഷനിൽ നിന്ന് എന്നെ കൂട്ടിക്കൊണ്ട് പോയ സമയം മുതൽ താമസവും ആഹാരവും ശുശ്രൂഷയുമെല്ലാം ഒന്നിനൊന്ന് ഗംഭീരം. പാസ്റ്റർ സന്തോഷ് വർഗീസും കുടുംബവും ശുശ്രൂഷക്ക് മുഖ്യമായും അവിടെയുണ്ടായിരുന്നു.

രാജസ്ഥാൻ ഐപി.സി. സ്റ്റേറ്റ് ആക്കിയതിന് ശേഷം ആദ്യമായി നടക്കുന്ന കോൺഫ്രൻസ് ആയതു കൊണ്ടും കൂടിയാകണം ശുശ്രൂഷകന്മാരിലൊക്കെ വലിയ ആവേശമായിരുന്നു. പാസ്റ്റർ ജോർജ്ജ് സി.വർഗീസ് വളരെ സജീവമായി എല്ലാറ്റിനും നേതൃത്വം നൽകുന്നു. പാസ്റ്റർ എം.ജെ. രാജു നേതൃത്വം നൽകുന്ന ജയ്പ്പൂർ ഡിസ്ട്രിക്ട് കൺവൻഷനും വളരെ അനുഗ്രഹമായിരുന്നു. ജയ്പ്പൂരിലെ മീറ്റിങ്ങുകളൊക്കെ കഴിഞ്ഞ് ഞായറാഴ്ച വൈകുന്നേരത്തോടെ കോട്ടയിൽ ഐ.പി.സി.സ്റ്റേറ്റ് ഉപാധ്യക്ഷൻ പാസ്റ്റർ സാം ജോർജ്ജിന്റെ ഭവനത്തിലെത്തി. വൈകുന്നേരം തിരികെ ബോംബെക്ക് വരുവാൻ രാജധാനിയിൽ ടിക്കറ്റും എടുത്തിരുന്നു. വെയിറ്റിംഗ് ലിസ്റ്റ് രണ്ടിലായിരുന്നു ടിക്കറ്റ് ബുക്ക് ചെയ്യുമ്പോൾ എന്റെ ബെർത്തിന്റെ സ്റ്റാറ്റസ്. വൈകുന്നേരം ചാർട്ട് തയ്യാറാക്കുന്നതു വരെയും സീറ്റ് ഉറപ്പിച്ചു കിട്ടുമെന്ന് പ്രതീക്ഷയായിരുന്നു. പക്ഷേ വെയ്റ്റിംഗ് ലിസ്റ്റ് ഒന്നിൽ വന്നു നിന്നു. ടിക്കറ്റ് ഇന്റർനെറ്റ് വഴി ബിനു മാത്യു എടുത്തിരുന്നതു കൊണ്ട് കൺഫേം ആകാതെ ട്രെയിനിൽ പോലും കയറുവാൻ നിയമം അനുവദിക്കുന്നില്ല. യാത്ര അടുത്ത ദിവസത്തേക്ക് നീട്ടി. അത് നന്നായി എന്ന് തോന്നി അടുത്ത ദിവസത്തെ യാത്ര കഴിഞ്ഞപ്പോൾ.

ബാരാൻ എന്ന സ്ഥലത്തേക്കായിരുന്നു യാത്ര. പാസ്റ്റർ ജോർജ്ജ് വർഗീസ്, പാസ്റ്റർ സാം ജോർജ്ജ് എന്നിവർക്കൊപ്പം ബ്രദർ പ്രസാദുമുണ്ടായിരുന്നു. രസകരമായിരുന്നു യാത്ര. കുറെ നല്ല ചിരിക്കുള്ള വക ഓരോരുത്തരുടെയും കയ്യിലുണ്ടായിരുന്നു. കൂട്ടത്തിൽ പ്രസാദ് അൽപ്പം മികച്ചു നിന്നു. ബാരാനിൽ പാസ്റ്റർ അനിമോൻ സഭയുടെ പണിത്തിരക്കിലാണ്. സഭക്ക് ഇട്ട പേര് നന്നായിരിക്കുന്നുണ്ട്. 'യീശു ദർബാർ' യേശുവിന്റെ രാജസദസ്! ഇനി മൂന്നാല് ലക്ഷം കിട്ടിയാൽ അനിമോന് നെടുവീർപ്പിടാം. എങ്കിലേ പണി തീരുകയുള്ളൂ. അതിനാരെങ്കിലും കനിഞ്ഞാൽ രാജസ്ഥാനിൽ ഐ.പി.സിക്ക് നല്ലൊരു യീശു ദർബാർ ഉയരും എന്നതിന് സംശയമില്ല. മടക്കയാത്രയിൽ കഴിച്ച പേരയ്ക്കയുടെ രുചി, ദേ, ഇപ്പോഴും നാവിൻ തുമ്പിലുണ്ട്. 'ചിക്കു'വിനാണോ 'പേരയ്ക്ക'ക്കാണോ കൂടുതൽ രുചി എന്നേ തീരുമാനിക്കേണ്ടതുള്ളൂ.

വൈകുന്നേരത്തേക്ക് നേരത്തെ എടുത്തിരുന്ന ടിക്കറ്റും വെയ്റ്റിംഗ് ഒന്നിൽത്തന്നേ വന്നു. തിരികെ പനവേലിൽ വന്നിട്ട് പല കാര്യങ്ങൾ ചെയ്യുവാനുണ്ട്. ഒടുവിൽ തീരുമാനിച്ചു ജനറൽ കമ്പാർട്ടുമെന്റിലെങ്കിലും കയറി വീട് പറ്റുക. ഫ്ളൈറ്റ് ടിക്കറ്റ് നോക്കിയപ്പോൾ ഇവിടെ രണ്ട് സുവിശേഷവേലക്കാർക്ക് ഒരു മാസം കഴിയാനുള്ള പണമുണ്ടതിന്. ഏകദേശം 8000 രൂപ! ജനറൽ കമ്പാർട്ടുമെന്റിൽ പോകാമെന്ന് പറഞ്ഞപ്പോൾ സർവ്വരും വിലക്കി! അമേരിക്കയിലൊക്കെ ജീവിച്ച പാസ്റ്റർക്കത് പറ്റുമെന്ന് തോന്നുന്നില്ല. പക്ഷേ ഞാൻ ജീവിക്കുന്നത് ഇന്ത്യയിലല്ലേ. പിന്നത് ശീലിച്ചെങ്കിലല്ലേ പറ്റൂ.

രാത്രി 12 കഴിഞ്ഞപ്പോഴാണ് പശ്ചിം എക്സ്പ്രസ് കോട്ട സ്റ്റേഷനിലെത്തുന്നത്. അമൃതസറിൽ നിന്നും വരുന്ന ട്രെയിനാണത്. ജനറൽ കമ്പാർട്ടുമെന്റിൽ നിന്ന് തിരിയാൻ സ്ഥലമില്ല. എന്റെ കയ്യിൽ കുറെ പേരയ്ക്കയും പിന്നെ ഹാൻഡ്ബാഗുമുണ്ട്. ഇടിച്ചു കുത്തി അതിലൊന്ന് സീറ്റിനടിയിൽ കയറ്റി. 'വിലപ്പെട്ട'തൊക്കെ അതിനകത്താണ്. പാസ്റ്റർ ജോർജ്ജ് വർഗീസ് തന്ന കൈമടക്കും പ്രസംഗക്കുറിപ്പുമൊക്കെ അതിലാണ്. അതിപ്പോൾ എവിടെയാണിരിക്കുന്നതെന്ന് കാണാൻ പോലുമില്ല. പേരയ്ക്കയിരിക്കുന്ന ബാഗിന്റെ പുറത്ത് യാത്രക്കാരുടെ കാൽപ്പെരുമാറ്റം കണ്ടപ്പോഴേ മനസ്സിലായി ഇനിയത് ജൂസായിട്ട് കുടിക്കുവാൻ പറ്റൂ എന്ന്! ഞാൻ താഴെയാണോ അന്തരീക്ഷത്തിലാണോ നിന്നത് എന്ന കാര്യം ഇപ്പോഴും എനിക്ക് മനസ്സിലായിട്ടില്ല. ഒരു കാര്യം ഉറപ്പാണ്; ചവുട്ടി നില്കുന്ന സ്ഥലം നല്ല മെത്ത പോലെ പതുപതുത്താണിരിക്കുന്നത്. അത് മെത്തയല്ല, ഒരു വ്യക്തിയായിരുന്നു എന്ന് മനസ്സിലായത് ചവുട്ടി നിന്ന 'തറ ഇളകി'യപ്പോഴാണ്!

ക്യാബിനിൽ ആകെ പത്തു പേർക്കിരിക്കാവുന്ന സീറ്റുകളിൽ ഇരിക്കുന്നത് 32 പേർ! നിൽക്കുന്നവർ മറ്റൊരു 12 പേർ. കിടക്കുന്നവരെയൊക്കെ കാണാത്തത് കൊണ്ട് എണ്ണുവാൻ പറ്റില്ല. കൂടാതെ താഴോട്ട് നോക്കിയെങ്കിലല്ലേ എണ്ണുവാൻ പറ്റൂ! ഒരു നമ്പൂതിരി ഫലിതത്തിൽ പറയുന്നതു പോലെ, വായ് നിറച്ചും ഭക്ഷണമിരിക്കുന്ന പട്ടരോട് ഒരു വിരലിട്ട് താഴേക്കിറക്കുവാൻ ഒരാൾ പറഞ്ഞപ്പോൾ അയാൾ പറഞ്ഞത്, 'വിരലിടുവാൻ സ്ഥലമുണ്ടായിരുന്നെങ്കിൽ ഒരു പഴം കഴിച്ചേനേ എന്ന്!' ഏതാണ്ടതേ അവസ്ഥയാണെന്റേത്! താഴോട്ടു നോക്കാ

ശേഷം പേജ് 5

# സഭയും കൗൺസലിംഗും

കൗൺസിലിംഗിനെക്കുറിച്ച് അല്പം കൗൺസലിംഗ് ആയാലോ? സഭ തന്നെയെടുക്കാം. വാർദ്ധകൃത്തിലെത്തിയവർ, റിട്ടയർമെന്റിനെത്തുടർന്നുള്ള പ്രതിസന്ധികൾ നേരിടുന്നവകർ, രോഗാതുരരായവർ, പല പ്രായത്തിലുള്ള മക്കളുടെ പ്രശ്നങ്ങളാൽ കുഴഞ്ഞവർ, അടുത്തിടെ വിവാഹിതരായവർ, കൗമാരക്കാർ, കൊച്ചുകുട്ടികൾ എന്നു വേണ്ട എല്ലാവരുടെയും പ്രശ്നങ്ങൾ എത്രയെത്രയാണ്? കുട്ടികൾ തങ്ങളുടെ ഗുരുതര പ്രശ്നങ്ങളൊന്നും തന്നെ പങ്ക് വയ്ക്കാനിഷ്ടപ്പെടാത്ത പ്രധാന സ്ഥലങ്ങളിലായിത്തീർന്നിരിക്കുന്നു. ഇതിന് കാരണങ്ങൾ പലതാണെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു. പല സന്ദർഭങ്ങളിലായി കുട്ടികളിൽ നിന്ന് ലഭിച്ച പ്രതികരണങ്ങളിൽ ചിലത് ചുവടെ ചേർക്കുന്നു.

* കൗൺസലിംഗ്, സെമിനാർ എന്നൊക്കെയുള്ള മിക്ക പ്രോഗ്രാമുകളും പതിവ് രീതിയിലുള്ള പ്രസംഗങ്ങൾ മാത്രമായിത്തീരുന്നു. മുഴുദിവസ കൗൺസലിംഗ് പ്രോഗ്രാമുകളിൽപ്പോലും വ്യക്തിപരമായ പ്രശ്നങ്ങൾ പങ്ക് വയ്ക്കാനാവസരമില്ല. പൊതുവിൽ സംശയങ്ങൾ ചോദിക്കുന്നവർ നോട്ടപ്പുള്ളികളാവുകയാണ് പതിവ്. കൗൺസലിംഗ് എന്താണെന്നറിയുന്നവരും, അതെങ്ങനെ പ്രയോജനമാക്കാം എന്ന് ചിന്തിക്കുന്നവരും കുറവാണ്.

* കുട്ടികളുടെയും യൗവ്വനക്കാരുടെയും പല പ്രശ്നങ്ങളും വിചിത്രവും സങ്കീർണ്ണവുമാണ്. അത് ക്ഷമയോടെ കേൾക്കുവാൻ കഴിയുന്നവർ തീരെയില്ല. പറഞ്ഞുതുടങ്ങുമ്പോഴേക്കും ഒരുക്കിവച്ചിരിക്കുന്ന പതിവ് ഉത്തരങ്ങൾ നൽകിത്തുടങ്ങും. പിന്നീടൊരിക്കൽക്കൂടെ അത്തരം സാഹചര്യങ്ങളുണ്ടാകുന്നത് ഞങ്ങൾക്കിഷ്ടമല്ല.

* രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് സഭയുടെ അംഗമായി തീർന്നവർക്ക് പ്രശ്നങ്ങളൊന്നുമുണ്ടാകുവാൻ ന്യായമില്ലല്ലോ എന്ന് ചിന്തിക്കുന്നവർ നമ്മുടെ സഭകളിലുണ്ട്. സമൂഹത്തിന്റെ സ്പന്ദനങ്ങളോ, സഭയ്ക്ക് പുറത്ത് മനുഷ്യന്റെ പ്രശ്നങ്ങളോ ഒന്നും അവർക്കറിയില്ല: അറിയേണമെന്നാഗ്രഹവുമില്ല. ആത്മീയത ഒരുതരം അന്ധതയായി തീരുന്നവർക്കിടയിൽ പ്രശ്നങ്ങൾ പങ്ക് വച്ചിട്ട് ഒരു കാര്യവുമില്ല.

* കുറ്റപ്പെടുത്തലുകൾ അസഹനീയമാണ്. വ്യക്തിപരമായി പങ്ക് വച്ച കാര്യങ്ങൾ പൊതുസഭയിൽ അടയാളങ്ങൾ സഹിതം (പേര് മാത്രം പറയില്ല എന്നേയുള്ളു) വിവരിച്ച് വിമർശിക്കുന്നതും, മറ്റുള്ളവരുമായി പങ്കവച്ചിട്ട് അവർ അതിനെക്കുറിച്ച് സംസാരിക്കുന്നതും പതിവാകയാൽ പറയാതിരിക്കുന്നതാണ് നല്ലത്.

* പ്രതിസന്ധികളുടെ തടവറയിലായ ഞങ്ങളോട് "ആരാധിക്ക്, ഉപവസിക്ക്, പ്രാർത്ഥിക്ക്..." എന്നൊക്കെയാണ് പറയാറുള്ളത്: അതിനൊന്നും തീരെ കഴിയാത്തത്ര തകർച്ചയിലാണ് ഞങ്ങൾ ആയിരിക്കുന്നതെന്ന് ആർക്കും മനസ്സിലാവില്ല. മനസിന് സ്വാതന്ത്ര്യമില്ലാതെ ആരാധിക്കുവാൻ ഞങ്ങൾക്കറിയില്ല.

ഗൗരവകരമല്ലേ ഈ പ്രതികരണങ്ങൾ? തലമുറകൾ കൈവിട്ടു പോകുന്നുവെന്ന് മുഴങ്ങിക്കേൾക്കുന്ന പരിതാപത്തിന്റെ ഒരു കാരണമാവാം ഇവിടെ മറനീങ്ങി തെളിയുന്നത്. എന്തു ചെയ്യുവാൻ കഴിയും? ഒരു സ്വയ വിചിന്തനം തന്നെയാവാം. പ്രശ്നങ്ങളിൽപ്പെട്ട വ്യക്തികളെ ക്രിയാത്മക മാറ്റത്തിലേക്കും വഴികാട്ടി ക്രിസ്തുവിലുള്ള പൂർണ്ണതയിലേക്ക് നയിക്കുവാനായി വിളിയും, പരിശീലനവും, പരിജ്ഞാനവും, പരിചയവുമുള്ളവർ അംഗീകൃതമായ ശുശ്രൂഷയുടെ പൊതുതത്വങ്ങളുടെയും ഇടപെടലിന്റെ അതിർവരമ്പുകൾ സംബന്ധിച്ച് വ്യക്തമായ ധാരണകളുടെയും അടിസ്ഥാനത്തിൽ പടുത്തുയർത്തുന്ന ഒരു ബന്ധമാണ് കൗൺസലിംഗ്. ഹ്യസ്വവും ദീർഘവുമായ കൗൺസലിംഗ് കോഴ്സുകൾക്ക് പ്രചുരപ്രചാരം സിദ്ധിച്ചതോടെ കേരളം അതിന്റെ നല്ലതും തീയതുമായ വശങ്ങൾ അറിഞ്ഞുതുടങ്ങിയിരിക്കുന്നു. വാസ്തവത്തിൽ പാസ്റ്ററൽ കെയറിന്റെ ഒരു ഭാഗമാണ് പാസ്റ്ററൽ കൗൺസലിംഗ്.



ഡോ.ജെസ്സി ജയ്സൺ

ഇടയശുശ്രൂഷയുടെ അഭിഭാജ്യ ഘടകം. പോഷണം, സംരക്ഷണം, ആശ്വാസം, വഴികാട്ടൽ, തെറ്റുതിരുത്തൽ, സൗഖ്യമാക്കൽ ഇവയെല്ലാം ഉൾപ്പെടുന്ന ഈ ദൗത്യം ആരെങ്കിലും ചെയ്യട്ടെ എന്നു വെക്കാൻ നമുക്കാവുമോ? സഭകൾ നിഷ്ക്രിയരായാൽ നമ്മുടെ തലമുറകൾ ആശ്വാസത്തിനും പരിഹാരത്തിനുമായി ചെന്നെത്തുന്നത് നവീനയുഗത്തിന്റെ ദൈവവിരോധമായ പല നിരീക്ഷണങ്ങളിലും ശീലങ്ങളിലുമാവാം. അത്തരം വിഭാഗങ്ങളുടെ നൂറുകണക്കിന് വക്താക്കളാണ് ഇന്ന് സമൂഹത്തിന്റെ സംസ്കാരത്തിന് വ്യത്യസ്തമായ ഒരു നിറം കൊടുത്തുകൊണ്ടിരിക്കുന്നത്. സഭ ഉണരുവാൻ സമയമായിരിക്കുന്നു.

1) പാസ്റ്റേഴ്സിനും ഭാര്യമാർക്കും ഗഹനമായ പരിശീലനം നൽകുകയും ഈ ശുശ്രൂഷാ മേഖലയിലെ പൊതു പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനുള്ള സാഹചര്യങ്ങളുണ്ടാകുകയും ചെയ്യേണ്ടതാണ്.

2) കൗൺസലിംഗിൽ അനുവർത്തിക്കേണ്ടുന്ന പെരുമാറ്റ മര്യാദകളെക്കുറിച്ച് പൊതുധാരണയും, അതിന്മേലുള്ള സമ്മതവും പൊതുസഭയുൾപ്പെടെ അറിയുന്നത് പ്രയോജനമാണ്.

3) ആഴമായ പ്രാർത്ഥനാ ജീവിതം ജീവിത ശൈലിയാക്കിയവരും, സാക്ഷ്യത്തിൽ നിലനിൽക്കുന്നവരുമായിരിക്കേണം ഈ ശുശ്രൂഷ ചെയ്യേണ്ടത്. പരിശീലനം സിദ്ധിച്ചവരല്ലാത്തവരുടെ അടുക്കൽ നടക്കുന്ന വ്യക്തിപരമായ കൗൺസലിംഗ് ചിലപ്പോഴെങ്കിലും വലിയ അപകടങ്ങളിൽ എത്തിച്ചേരാം എന്ന തിരിച്ചറിവുണ്ടാകുക.

4) പൊതുസഭയിൽ ഗ്രൂപ്പ് കൗൺസലിംഗിന്റെ ആവശ്യമുള്ളപ്പോൾ പ്രായപരിധിയിലുൾപ്പെടുന്നവർ മാത്രമായി അത് തിരിച്ചാൽ മാത്രമേ ഫലവത്തായ ആശയവിനിമയം നടക്കൂ. പ്രായമുള്ളവരുടെ സാന്നിധ്യത്തിൽ കൗമാരക്കാർക്ക് തങ്ങളുടെ പ്രശ്നം പങ്ക്വയ്ക്കാൻ കഴിയാറില്ല. സാഹചര്യം വളരെ പ്രധാനമാണ്.

5) ലൈംഗിക പ്രശ്നങ്ങളോ, രഹസ്യപാപങ്ങളോ, മാത്രമല്ല, കൗൺസലിംഗ് പരിധിയിലുള്ളതെന്ന് നാം അറിഞ്ഞേ പറ്റൂ. പലയിടത്തും രഹസ്യങ്ങൾ കേൾക്കുവാനുള്ള താത്പര്യം മുന്നിട്ട് വരുന്നത് ഖേദകരമാണ്. പഠനസംബന്ധമായ പ്രതിസന്ധികൾ, തെറ്റായ ശീലങ്ങൾ, വികലമായ ചിന്താഗതികൾ, സ്വഭാവ വൈകൃതങ്ങൾ, കൊച്ചു കൊച്ചു സംശയങ്ങൾ, ആത്മീക വിഷയങ്ങളിലെ ആശയക്കുഴപ്പം ഇവയെല്ലാം കൗൺസലിംഗിലുൾപ്പെടാം. സമഗ്ര വീക്ഷണവും, തിരുവെഴുത്തിന്റെ ആധികാരികതയും സാമൂഹ്യാവബോധവും അതു കൊണ്ട് തന്നെ മുഖ്യമാണ്.

6) നവീന യുഗചിന്താഗതികൾ സമൂഹത്തിലാകമാനവും വിശേഷിച്ച് നമ്മുടെ തലമുറകളിലും വരുത്തുന്ന സ്വാധീനം നമ്മളൊക്കെ ചിന്തിക്കുന്നതിനേക്കാൾ വലുതാണ്. ഇതിന്റെയൊക്കെ വെളിച്ചത്തിൽ സഭയുടെ, തിരുവെഴുത്തിന്റെ ഉപദേശങ്ങളെക്കുറിച്ച് തുറന്നു സംസാരിക്കുവാൻ വേദിയൊരുങ്ങേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്.

7) ജീവിതം മാറ്റി നിർത്തി ഉപദേശം പറയുന്നതും, ഉപദേശം മാറ്റി നിർത്തി ജീവിതപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതും ശരിയാവില്ല. അങ്ങനെയുള്ള വിള്ളലാണ് തലമുറകളെ പണിതെടുക്കുന്നതിൽ നമ്മുടെ പരാജയത്തിന്റെ ഒരു മുഖ്യകാരണം.

8) ധാർമ്മിക വിഷയങ്ങളിൽ വ്യത്യസ്താഭിപ്രായങ്ങൾ നിലനിൽക്കുന്നതിനാലും, തുറന്ന ചർച്ചകൾക്ക് കളമൊരുക്കുവാൻ പ്രാവീണ്യമുള്ളവർ കുറവാകയാലും അതൊക്കെ ഒഴിവാക്കുവാനുള്ള പ്രവണത ശക്തമാണ്. അതിനെ സഭ അതിജീവിക്കാത്ത പക്ഷം, നമ്മുടെ ജനം പ്രത്യേകിച്ച് യുവതലമുറ അത് സാധ്യമാകുന്നയിടങ്ങൾ തേടിപ്പോകുവാൻ സാധ്യത ഏറെയാണ്. വചനവിരുദ്ധമായ പലതിലും ചിലരെത്തിച്ചേർന്നതും അങ്ങനെയാണ്.

9) ജീവിത മാതൃക കൊണ്ട് വിശ്വാസ്യത ആർജ്ജിച്ചവരാണ് ഫലകരമായി കൗൺസലിംഗ് ചെയ്യുക. പരിശീലനവും, ഡിഗ്രികളുമൊക്കെ തികച്ചും അഭിലഷണീയമാണെങ്കിലും അവയോടൊപ്പം ജിവിത വിശുദ്ധി, പ്രാർത്ഥനാ ജീവിതം ഇവ നിർബ്ബന്ധമായും ഉണ്ടാകേണ്ടതാണ്. ഡിഗ്രിയോ, പദവികളോ, സംഭാഷണ ചാതുര്യമോ, ആകർഷക വ്യക്തിത്വമോ, പ്രായമോ മാത്രമാകരുത് നമ്മുടെ മാനദണ്ഡം.

10) വിശാലമായ ക്യാമ്പുകളിലും, സെമിനാറുകളിലും പൊതുവായ കൗൺസലിംഗ് പ്രോഗ്രാമുകൾ ക്രമീകരിക്കുമ്പോൾ പൊതു താല്പര്യം മനസ്സിലാക്കുവാൻ ഒരു ലളിതമായ സർവേ പ്രയോജനമാകാറുണ്ട്. ആവശ്യമുള്ള വിഷയങ്ങൾ അവഗണിക്കപ്പെടുമ്പോൾ നമ്മുടെ കഷ്ടപ്പാടൊക്കെ അസ്ഥാനത്താകുകയാണ് ചെയ്യുന്നത്.

ഒരു കാര്യം വാസ്തവമാണ്. സ്റ്റേജുകൾക്കും പ്രോഗ്രാമുകൾക്കുമപ്പുറം ധാരാളം സമയവും പ്രാർത്ഥനയും ആവശ്യമുള്ള വ്യക്തിപ്രാധാന്യമുള്ള ഒരു ശുശ്രൂഷയാണ് കൗൺസലിംഗ്. പ്രതിഫലമോ പ്രശംസയോ ഇല്ലാതെ ഈ വിളി ഏറ്റെടുത്ത് വിശ്വസ്തതയോടെ വ്യക്തികളെയും കുടുംബങ്ങളെയും പണിതെടുക്കുന്നവർ നമുക്കിടയിലുണ്ട്. അവരെ കണ്ടറിയുന്നത് വളരെ പ്രയോജനം ചെയ്യും. അതോടൊപ്പം സഭയെന്ന നിലയിൽ ഈ കാലഘട്ടത്തിൽ എങ്ങനെ മുന്നേറണമെന്നതിൽ ദൈവഹിതം അറിഞ്ഞ് പ്രവർത്തിക്കുവാനുള്ള കൃപ പ്രാപിക്കയുമാവാം.



# രോഗമില്ലാത്ത ലോകം



ബഞ്ചമിൻ ഇടക്കര

വികസിത രാജ്യങ്ങളിൽ പോലും പകർച്ച വ്യാധികൾ സമീപകാലത്ത് ഭീതി പരത്തി മരണം വിതയ്ക്കുന്നു. ഭീകരരോഗങ്ങൾക്ക് മുമ്പിൽ വൈദ്യശാസ്ത്രം എന്തു ചെയ്യണമെന്നറിയാതെ പകച്ചുനില്ക്കുമ്പോൾ നിരാലംബരായ രോഗികൾ ആശക്ക് വിരോധമായി ആശയോടെ രോഗശാന്തി ശുശ്രൂഷക്കാരെ തേടിപ്പോകുന്നത് സ്വാഭാവികമാണ്. രോഗശാന്തിയെക്കുറിച്ച് വചനം എന്തു പറയുന്നു? എന്തു കൊണ്ട് നമ്മൾ രോഗികളാവുന്നു? എന്നെങ്കിലും ഈ അവസ്ഥയിൽ നിന്ന് മോചനം ഉണ്ടാകുമോ? ആരംഭകാലങ്ങളിൽ പെന്തെക്കോസ്തുകാരുടെയിടയിൽ മരുന്നെടുക്കുന്നവരെ മുടക്കുകയോ തിരുവത്താഴത്തിൽ നിന്ന് മാറ്റി നിർത്തുകയോ ചെയ്യുന്ന രീതിയുണ്ടായിരുന്നു. വിരളമായെങ്കിലും ഇന്നും ഇത്തരം നടപടി തുടർന്നു വരുന്നവരുമുണ്ട്. മാറ്റങ്ങൾക്ക് വിധേയരാകുവാൻ ധൈര്യം കാണിച്ച പിന്തലമുറ അഭിനന്ദനമർഹിക്കുന്നു. എങ്കിലും മരുന്നെടുക്കുന്നത് പാപമാണെന്നുള്ള (കുറ്റ) ബോധം നമ്മുടെ സമൂഹത്തിൽ ഇന്നും വ്യാപകമായുണ്ട്. നീണ്ട നാളുകൊണ്ടുള്ള ആചാരം ഒരു സമൂഹത്തിന്റെ സംസ്കാരത്തിൽ ലയിച്ചു ചേർന്നാൽ അതിനെ പിഴുതെറിയുക അത്ര ആയാസകരമല്ല.

ജീവൻ വിലക്ക് വാങ്ങിയവനിൽ വിശ്വാസമില്ലാഞ്ഞിട്ടല്ലേ മരുന്നിന് പുറകേ പോയതെന്ന് ചോദിച്ചാൽ ആത്മാർത്ഥതയുള്ള ഏതു വിശ്വാസിയും തളർന്നു പോവില്ലേ? കൊച്ചുകുട്ടികളോട് മാതാപിതാക്കളുടെ മുമ്പിൽ വച്ച് അപ്പനോടാണോ അമ്മയോടാണോ ഏറെ ഇഷ്ടം? എന്ന് ചോദിക്കുന്നതിനേക്കാൾ കുഴയ്ക്കുന്നതാണീ ചോദ്യം. വിശ്വാസികളുടെ ആത്മവികാരത്തെ ചൂഷണം ചെയ്യുന്നതിനേക്കാൾ കുറ്റകരമായ പ്രവണതയാണ് വചന വ്യാഖ്യാനത്തിലൂടെയുള്ള ഭീഷണി. യെശയ്യാ പ്രവചനം 53-ാം അധ്യായം വാഴ്ത്തപ്പെട്ട കർത്താവിന്റെ കഷ്ടാനുഭവങ്ങളെക്കുറിച്ചുള്ളതാണെന്നറിയാത്ത വിശ്വാസികളുണ്ടാവില്ല. "സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു........ അവന്റെ അടിപ്പിണരാൽ നമുക്ക് സൗഖ്യവും വന്നിരിക്കുന്നു" എന്ന വാക്യം കൊണ്ട് യേശുവിന്റെ ക്രൂശ് മരണത്താൽ നമുക്ക് രോഗസൗഖ്യം ഉണ്ടെന്ന് പ്രേക്ഷകരെ വിശ്വസിപ്പിക്കുവാൻ പ്രസംഗകന് എളുപ്പമാണ്. എന്നാൽ യേശുവിന്റെ പരസ്യ ശുശ്രൂഷാ കാലത്ത് ഈ പ്രവചനം നിവൃത്തിയായെന്ന് മത്തായി പറയുന്നു: "...... അവൻ വാക്കു കൊണ്ട് ദുരാത്മാക്കളെ പുറത്താക്കി സകല ദീനക്കാർക്കും സൗഖ്യം വരുത്തി. അവൻ നമ്മുടെ ബലഹീനതകളെ എടുത്തു വ്യാധികളെ ചുമന്നു എന്ന് യെശയ്യാ പ്രവാചകൻ പറഞ്ഞത് നിവൃത്തിയാകുവാൻ തന്നെ" (മത്തായി 8:16,17).

പത്രോസ് അപ്പൊസ്തലൻ യെശയ്യാവ് 53:5 ഉദ്ധരിക്കുന്നത് ശ്രദ്ധിച്ചാൽ യേശുവിന്റെ അടിപ്പിണരാൽ പാപരോഗത്തിൽ നിന്നും നമുക്ക് ലഭിച്ച സൗഖ്യമാണെന്ന് വ്യക്തമാണ്. ഒരിക്കൽ ചുങ്കക്കാരോടും പാപികളോടും കൂടെ ഭക്ഷണം കഴിച്ച യേശുവിനെ ചോദ്യം ചെയ്തവരോട് താൻ മറുപടി പറഞ്ഞത്: "ദീനക്കാർക്കല്ലാതെ വൈദ്യനെ കൊണ്ട് ആവശ്യമില്ല." പാപത്താൽ ദീനം പിടിച്ചവരുടെ വൈദ്യനാണ് യേശു. തന്റെ അടിപ്പിണ്ണരാൽ സൗഖ്യം ലഭിച്ചവരാണ് ദൈവമക്കൾ. വേദപുസ്തക ഭാഷ പ്രതീകാത്മകമായും ആലങ്കാരികമായും ഉപമാലങ്കാരത്തിലൂടെയും ആശയവിനിമയം നടത്തുന്നുണ്ട്. പാപത്തിന്റെ ശമ്പളം മരണമാണെന്ന് പറഞ്ഞാൽ ആത്മവിഷയജ്ഞാനം പ്രാപിക്കാത്തവർ ആശയക്കുഴപ്പത്തിലാകുന്നത് കണ്ടിട്ടില്ലേ? യേശു എന്ന വൈദ്യന്റെ ബലിമരണ യാഗത്തിലൂടെ സൗഖ്യം പ്രാപിച്ച് കൃപയാൽ നിത്യജീവൻ പ്രാപിച്ച നമ്മുടെ പ്രത്യാശ ഈ മണ്ണിനെ ഭേദിക്കുന്നതായിരുന്നെങ്കിൽ!!

ഇത്രയുമായപ്പോൾ ശാരിരിക രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കുന്നത് തെറ്റാണോ എന്നൊരു സംശയം ഉണ്ടാകാം. 103-ാം സങ്കീർത്തനത്തിൽ 'നിന്റെ സകല രോഗങ്ങളേയും അവൻ സൗഖ്യമാക്കുന്നു'വെന്ന് ദാവീദ് പറഞ്ഞിട്ടുണ്ട്. പക്ഷേ ഊരിയാവിന്റെ ഭാര്യയിൽ തനിക്കുണ്ടായ കുഞ്ഞിന്റെ രോഗം പ്രാർത്ഥനയാൽ മാറിയില്ലല്ലോ. അപ്പോൾപ്പിന്നെ രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കേണ്ടെന്നാണോ ഈ പറയുന്നതിന്റെ സാരം? ഒരിക്കലുമല്ല. ഹിസ്കിയാവ് മരിച്ചു പോകുമെന്ന് അരുളപ്പാടുണ്ടായിട്ടും ദൈവത്തോട് പ്രാർത്ഥിക്കുകയും പതിനഞ്ചു വർഷം ആയുസ് നീട്ടി ലഭിക്കുകയും ചെയ്തില്ലേ? കുഞ്ഞ് മരിച്ചുപോകുമെന്ന് പ്രവചനമുണ്ടായിട്ടും പ്രാർത്ഥനയോടും ഉപവാസത്തോടും രാത്രി മുഴുവൻ ദാവീദ് നിലത്തു കിടന്നുവെന്നല്ലേ നാം വായിക്കുന്നത്? ദൈവപൈതൽ പ്രാർത്ഥിക്കുന്നത് ദൈവത്തോടുള്ള ബന്ധത്തിന്റെയും ആശ്രയത്തിന്റെയും അടിസ്ഥാനത്തിലാണ്. ഉത്തരം ലഭിക്കുന്നത് നമ്മുടെ സൃഷ്ടിപ്പിനോടുള്ള സൃഷ്ടാവിന്റെ ഉദ്ദേശമനുസരിച്ചായിരിക്കും. കുഞ്ഞു മരിച്ചുവെന്ന് കണ്ടപ്പോൾ ദാവീദ് ദൈവവിശ്വാസം വലിച്ചെറിയാഞ്ഞത് അതിനാലാണ്. സകലത്തിന്റെയും നിയന്ത്രിതാവ് അവിടുന്നാണെന്നുള്ള ഏറ്റുപറച്ചിലാണ് പ്രാർത്ഥന.

ആദാമ്യ ലംഘനത്താൽ തേജസ് നഷ്ടപ്പെട്ട ശരീരത്തിന് പ്രതിരോധശേഷി ഇല്ലാതായി. പാപം നിമിത്തം ശപിക്കപ്പെട്ട ഭൂമിയിൽ പ്രതിരോധശേഷി നഷ്ടപ്പെട്ട മനുഷ്യശരീരം രോഗാതുരമായി. ഓരോ രോഗവും മരണത്തെക്കുറിച്ചുള്ള ചിന്ത നമ്മിലുണർത്തുന്നു. വിവിധ കാരണത്താൽ രോഗം ഉണ്ടാകുന്നുവെന്ന് നമുക്കറിയാം. പകർച്ച വ്യാധിയിൽ നിന്നൊഴിഞ്ഞിരുന്നാൽ അതിൽ നിന്ന് രക്ഷ നേടുവാനുള്ള സാധ്യത കൂടുതലാണ്. പട്ടിണി മൂലമുണ്ടാകുന്ന രോഗങ്ങളെ മാറ്റുവാൻ ആ സാഹചര്യങ്ങൾ മാറിയേ തീരൂ. ഭക്ഷണക്രമം സൂക്ഷിക്കാതെ രോഗികളാകുന്നവരില്ലേ? വ്യക്തമായ പാപം നിമിത്തം രോഗം വന്നിട്ടുള്ളവർ രോഗശാന്തിക്കായി എങ്ങനെ പ്രാർത്ഥിക്കേണമെന്ന് യാക്കോബ് അപ്പൊസ്തലൻ ഉപദേശിക്കുന്നുണ്ട്. കൂനിയായിരുന്ന സ്ത്രീയുടെ രോഗബന്ധനം പിശാചിൽ നിന്നായിരുന്നു എന്ന് നാം വായിക്കുന്നു. ചുരുക്കത്തിൽ രോഗകാരണത്തിന്റെ പട്ടിക എഴുതിയാൽ തീരാത്ത വിധം നിരവധിയാണ്. കാരണം പലതെങ്കിലും പ്രതിവിധിയും വ്യത്യസ്തമാണ്.

രോഗം വരുമ്പോൾ മാത്രമല്ല, എല്ലാ സാഹചര്യത്തിലും വിടുതലിനായി പ്രാർത്ഥിക്കുവാൻ ദൈവപൈതലിനായി കൃപാസനം തുറന്നിട്ടിരിക്കുന്നു. അവകാശങ്ങൾ പിടിച്ചു പറ്റുവാനോ വിശ്വാസത്തിന്റെ മാറ്റുരയ്ക്കുവാനോ ഉള്ളതല്ല കൃപാസനം. സൗഖ്യമാക്കുവാനും തിരികെ വിളിക്കുവാനും സമ്പൂർണ്ണ അധികാരമുള്ള സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിലുള്ള സമർപ്പണമാണ് പ്രാർത്ഥന. വാഴ്ത്തപ്പെട്ട കർത്താവിന്റെ പരസ്യ ശുശ്രൂഷാ വേളയിൽ അവിടുന്ന് രോഗികളായ മാനവ വർഗ്ഗത്തെ മുഴുവൻ സൗഖ്യമാക്കിയതായി നാം ഒരിടത്തും വായിക്കുന്നില്ല. ഒരു പക്ഷേ അവർക്കൊക്കെ വിശ്വാസമില്ലാഞ്ഞിട്ടായിരിക്കുമെന്ന് പറയുന്നവർ കണ്ടേക്കാം. ഗദരദേശത്തെ ഭൂതഗ്രസ്തനേക്കാൾ യേശുവിനെ തിരിച്ചറിഞ്ഞത് അവന്റെ മേൽ വ്യാപരിച്ചിരുന്ന അശുദ്ധാത്മാവായിരുന്നില്ലേ? പക്ഷപാതക്കാരനെ കൊണ്ടുവന്ന ആളുകളുടെ വിശ്വാസം കണ്ട് യേശു പ്രസ്താവിക്കുന്ന കാര്യം ശ്രദ്ധേയമാണ്. "എങ്കിലും ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന് അധികാരം ഉണ്ട് എന്ന് നിങ്ങൾ അറിയേണ്ടതിന്...." യേശു ചെയ്തിട്ടുള്ള അത്ഭുതങ്ങൾ ഓരോന്നും ചുറ്റുമുള്ളവർക്ക് താൻ ആരെന്ന് വെളിപ്പെടുത്തുകയായിരുന്നു. യോഹന്നാന്റെ ഭാഷയിൽ യേശു ചെയ്ത അത്ഭുതങ്ങളെല്ലാം അടയാളങ്ങളായിരുന്നു. സത്യമായതിലേക്കുള്ള ചൂണ്ടുപലകകൾ.

നിങ്ങൾ രോഗികളുടെ മേൽ കൈവച്ചാൽ അവർക്ക് സൗഖ്യം വരുമെന്ന് യേശു പറഞ്ഞതും ഈ പശ്ചാത്തലത്തിലാണ്. ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കുമ്പോൾ അവർ പ്രസംഗിക്കുന്ന യേശുവിന്റെ നാമം വെളിപ്പെടുത്തുവാനുള്ള അടയാളമായി അവർക്കത് നൽകി. സുവിശേഷം പ്രസംഗിക്കുന്നിടത്തെല്ലാം ഇന്നും അത്ഭുതങ്ങൾ നടക്കുന്നു. ആഫ്രിക്കയിൽ മരിച്ചവനെ ഉയിർപ്പിച്ചവന്റെ സാക്ഷ്യം കേൾക്കുമ്പോൾ എന്തു കൊണ്ട് ഇവിടെയും സംഭവിക്കുന്നില്ല എന്ന് ചോദിക്കരുത്. അത്ഭുതങ്ങളും അടയാളങ്ങളുമെല്ലാം സത്യത്തിലേക്കുള്ള വിരൽ ചൂണ്ടികൾ മാത്രം. യേശുവിന്റെ നാമം അറിഞ്ഞ നമുക്ക് മറ്റൊരടയാളം കൂടെ ആവശ്യമില്ലെന്ന് യേശുവിനറിയാം. വളർച്ചയുടെ പാതയിൽ വചനത്തിന്റെ പോഷണമാണ് നമുക്കാവശ്യം.

ലാസർ രോഗിയായിരുന്നപ്പോൾ തന്നെ യേശുവിനെ അറിയിച്ചതാണ്. നമ്മുടെ ഭാഷയിൽ യേശുവിനോട് പ്രാർത്ഥിച്ചിട്ടും, യേശുവിന്റെ ഉറ്റ സ്നേഹിതനായിരുന്നിട്ടും ലാസർ മരിച്ചു പോയി. പ്രിയപ്പെട്ടവർക്കുണ്ടായ വേർപാടിന്റെ ദുഃഖത്തേക്കാൾ ലാസറിന്റെ മരണത്തിൽ യേശുവിനൊരു ഉദ്ദേശമുണ്ടായിരുന്നു. അതേ തന്റെ ഭക്തന്മാർ മരിച്ചാലും ജീവിക്കുമെന്ന പാഠം യേശു പഠിപ്പിച്ചു. അതേ, സഹോദരങ്ങളെ, ഉയിർപ്പിന്റെ ശക്തിയെ സ്വന്ത ജീവിതത്തിൽ കൂടെ വെളിപ്പെടുത്തിയ കർത്താവിലുള്ള വിശ്വാസമാണ് നമുക്കാവശ്യം. ആത്മാവെന്ന ആദ്യദാനം ലഭിച്ച നമുക്ക് രോഗാതുരമായ, പാപ പ്രലോഭനങ്ങളുള്ള, മണ്ണിൽ നിന്നെടുത്ത ഈ ശരീരത്തെ വീണ്ടെടുക്കുവാൻ കഴിവുള്ള കർത്താവിലുള്ള വിശ്വാസമാണ് ആവശ്യം. ലാസറിന്റെ കല്ലറക്കൽ വന്നവൻ മടങ്ങി വരുമ്പോൾ മരിച്ചവരുടെ കല്ലറയിലും കാഹളം മുഴങ്ങും. രോഗമില്ലാത്ത, വേർപാടിന്റെ വേദനയില്ലാത്ത, ലോകത്തേക്ക് അവൻ നമ്മെ കൊണ്ടുപോകും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കുമെന്നുള്ള യേശുവിന്റെ വാഗ്ദത്തം രോഗഭീതിയെ കീഴടക്കുവാൻ നമുക്ക് ശക്തി നൽകട്ടെ. ആ സുദിനത്തിന്റെ പ്രത്യാശയിൽ നമ്മുടെ വിശ്വാസം വളരട്ടെ.

# ജനറൽ കമ്പാർട്ടുമെന്റിൽ ആടുജീവിതം

(3-ാം പേജ് തുടർച്ച)

നിടയുണ്ടായിരുന്നെങ്കിൽ പിടലിക്കൊരാശ്വാസം കിട്ടിയേനെ!

ജനറൽ കമ്പാർട്ടുമെന്റിന്റെയുള്ളിൽ വച്ച് കർത്താവ് പഠിപ്പിച്ചത് വലിയൊരു പാഠമായിരുന്നു. അത് പഠിക്കുവാൻ എ.സിയിലും രാജധാനിയിലുമൊന്നും യാത്ര ചെയ്താൽ പറ്റില്ല. പല ഭാഷക്കാർ, പല ദേശക്കാർ, പല വംശങ്ങൾ, വിവിധ മതങ്ങളിൽ വിശ്വസിക്കുന്നവർ, അങ്ങനെ വിഭിന്ന സംസ്കാരത്തിന്റെ അക്ഷരാർത്ഥത്തിലുള്ള ഇഴുകിച്ചേരലാണവിടെ നടക്കുന്നത്. അവിടെ പരാതികളും പരിഭവങ്ങളുമില്ല. കുറ്റപ്പെടുത്തലോ ആക്രോശങ്ങളോ ശകാരങ്ങളോ ഒന്നുമില്ല. ചേർന്നുരുമ്മി, മറ്റൊരാളുടെ തോളിൽ തല വച്ച്, താഴെക്കിടക്കുന്നവന്റെ മുകളിൽ ചവുട്ടി നില്കുമ്പോഴും പരാതികളില്ലാതെ യോജിപ്പിന്റെ ഒരു ലോകം. ലക്ഷ്യത്തിലെത്തുവാൻ അവർ എന്തും സഹിക്കുന്നു. പൊരുത്തപ്പെടുന്നു. ആത്മീക ലോകത്തിൽ പോലും ഈ ഐക്യം കണികാണുവാൻ കിട്ടുകയില്ല.

യാത്രക്കാരിൽ കൂടുതൽ പേരും താഴെത്തട്ടിലുള്ള അധ്വാന വർഗ്ഗത്തിൽപ്പെട്ടവരാണ്. അവരൊക്കെ അഹോരാത്രം ജോലി ചെയ്യുന്നതു കൊണ്ടല്ലേ വ്യവസായങ്ങൾ വളരുന്നത്, പലരും സാമ്രാജ്യങ്ങൾ പരാജയപ്പെട്ട മധ്യവർഗ്ഗവും, ക്രീമിലെയറുമൊക്കെ സുഖിക്കുന്നത്. അവരോട് ചേർന്നു നിന്നാൽ വിയർപ്പിന്റെ ഗന്ധമുണ്ടെന്നത് സത്യമാണ്. ഒരു പക്ഷേ പല രോഗങ്ങളും വഹിക്കുന്നവരുമായിരിക്കും. എന്നാലൊരു വടപ്പാവോ, സമോസയോ അവർ ആർത്തിയോടെ തിന്നുന്നതു കാണുമ്പോൾ അതിനിത്ര രുചിയുണ്ടോയെന്ന് തോന്നിപ്പോകാറുണ്ട്. കാരണം പട്ടിണിയുടെ ആധിക്യം കൊണ്ട് ഗ്രാമങ്ങളിൽ നിന്ന് പട്ടണങ്ങളിലേക്ക് കുടിയേറി അടിമപ്പണി ചെയ്യുന്ന അവർക്ക് തീർക്കുവാനാത്ത പ്രാരാബ്ധങ്ങളുണ്ട്. രോഗികളായ പ്രിയപ്പെട്ടവരുണ്ടാകാം. ജന്മനാട്ടിൽ പ്രിയപ്പെട്ടവരെ കണ്ട് മടങ്ങിവരുന്ന വഴിയായിരിക്കാം അവർക്കീ ജനറൽ കമ്പാർട്ടുമെന്റിലെ ആട് ജീവിതം. കറുത്തു കരുവാളിച്ച മുഖത്തേക്കും കുഴിഞ്ഞ കണ്ണിൻതടങ്ങളിലേക്കും നോക്കിയപ്പോൾ എന്റെ കണ്ണുകളിൽ പൊടിഞ്ഞ കണ്ണുനീരിന് ദൈവത്തോടുള്ള നന്ദിയുടെ നനവുണ്ടായിരുന്നു.

പിറ്റേ ദിവസമായിരുന്നു റിയൽ റിയാലിറ്റി ഷോ. ഹിജഡകളുടെ വിളയാട്ടം! ഇരിക്കുന്നവർക്കെല്ലാം അവർ നിശ്ചയിച്ച പിരിവുണ്ട്. സീറ്റിലിരിക്കുന്ന ഓരോരുത്തരും 20 രൂപ വീതം കൊടുക്കണം. കൊടുത്തില്ലെങ്കിൽ എന്താണ് സംഭവിക്കുക എന്ന് ബോംബെ പോലുള്ള പട്ടണങ്ങളിൽ ജീവിച്ചിട്ടുള്ളവർക്കറിയാം. കുളിച്ചാൽ പോലും മാറിപ്പോകാത്ത പച്ചത്തെറി മുതൽ നഗ്നതാ പ്രദർശനം വരെയുണ്ടാകും. ഒരു മാതിരിപ്പെട്ട ജനങ്ങളൊന്നും ഇവരെ വെറുപ്പിക്കാറുമില്ല. ചില മതങ്ങളിൽപ്പെട്ടവർ ഇവരെ വളരെ ബഹുമാനത്തോടെയാണ് കാണുന്നത്. ഇവർ അനുഗ്രഹിച്ചാൽ നന്മയാണെന്നും, അല്ല പ്രാകിയാൽ ശാപമാണെന്നുമൊക്കെയാണ് വിശ്വാസം. അന്ധവിശ്വാസങ്ങൾക്ക് ഇന്ത്യയേക്കാൾ വളക്കൂറുള്ള മണ്ണ് വേറെയില്ല. അതിലൊന്നാണ് ഇത്തരം വിഭാഗത്തിന് പ്രോത്സാഹനമാകുന്നത്. മാന്യമായ വസ്ത്രം ധരിച്ചവരോട് ഇവർ പരാക്രമം കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്തായാലും ഇതൊക്കെ കണ്ടും കേട്ടുമൊക്കെ ഒരുവിധം അന്ധേരിയിലെത്തി. അവിടുന്ന് പനവേലിലേക്ക് നമുക്ക് പരിചയമുള്ള ലോക്കൽ ട്രെയിനിലെ തള്ളിലേക്ക് വീണു. മറ്റൊരു തള്ള് പനവേലിൽ ഇറക്കി വിടുമ്പോഴേക്ക് ഉഴിച്ചിലും പിഴിച്ചിലും കഴിഞ്ഞതുപോലെയായിക്കഴിഞ്ഞു ശരീരം.

എയർകണ്ടീഷൻ ബെർത്തിൽ ബുക്ക് ചെയ്ത രണ്ടു ടിക്കറ്റുകളും എന്തു കൊണ്ട് വെയ്റ്റിംഗ് ലിസ്റ്റ് ഒന്നിൽ തട്ടി നിന്നു? എന്തിന് ഇങ്ങനെ കഷ്ടപ്പാട് നിറഞ്ഞ ഒരു യാത്ര? എന്തുകൊണ്ട് സകല സ്വയപരിശ്രമങ്ങളെയും പരാജയപ്പെടുത്തിക്കൊണ്ട് ദൈവം മുകളിൽ നിന്ന് നോക്കിച്ചിരിക്കുന്നു? ഇതിനൊക്കെ ഉത്തരമൊന്നേയുള്ളു. ദൈവത്തിന്റെ പദ്ധതിക്കായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന നമ്മുടെ കണ്ണൊന്ന് തുറക്കാൻ, നമ്മുടെ അനുഗ്രഹങ്ങളൊന്ന് തിരിച്ചറിയുവാൻ, ചുറ്റുമുള്ളവരെ യഥാർത്ഥമായി അടുത്തു കാണുവാൻ, നമ്മെത്തന്നെ നന്നായി ഒന്നു കാണാൻ ചിലപ്പോഴൊക്കെ തിരക്കു പിടിച്ച കമ്പാർട്ടുമെന്റിൽ നിൽക്കേണ്ടി വരും. അല്ല നിർത്തും. ജീവിത പുസ്തകത്തിൽ ഒരു പാഠം കൂടി എഴുതിച്ചേർക്കുവാനുള്ള അവസരം പരാതിപ്പെടാതെ തക്കത്തിൽ ഉപയോഗിച്ചാൽ മതി.

## കൺവൻഷൻ

പനവേലി: ഐ.പി.സി.എബനേസർ സഭയുടെ കൺവൻഷൻ നവംബർ 28 -30 വരെ പനവേലി ഐ.പി.സി.ഹാളിൽ നടന്നു. പാസ്റ്റർ ഇ.സി.ജോർജ്ജ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ കെ.കെ.ചെറിയാൻ പ്രസംഗിച്ചു.

# എറണാകുളം സെന്റർ കൺവൻഷൻ ഏഴംകുളം സാംകുട്ടി മുഖ്യപ്രഭാഷകൻ



എറണാകുളം: ഐ.പി.സി. സെന്റർ വാർഷിക കൺവൻഷനും സംഗീത വിരുന്നും ജനുവരി 2-5 വരെ മറൈൻ ഡ്രൈവിൽ നടക്കും. ഡോ.ഏഴംകുളം സാംകുട്ടി മുഖ്യപ്രഭാഷണം നടത്തും. പാസ്റ്റർമാരായ പി.ആർ.ബേബി, ബാബു ചെറിയാൻ, ജേക്കബ് ജോൺ എന്നിവരും പ്രസംഗിക്കും. സെന്റർ സെക്രട്ടറി പാസ്റ്റർ കെ.സി.സാമുവേൽ, വൈസ് പ്രസിഡന്റ് പാസ്റ്റർ ജോൺ റ്റി.മാത്യു, സെക്രട്ടറി പാസ്റ്റർ കെ.എസ്.സണ്ണി എന്നിവരടങ്ങുന്ന കമ്മറ്റി നേതൃത്വം നൽകും.

## ക്രിസ്തുമസ് സംഗീത സായാഹ്നം

വൈപ്പിൻ: എടവനക്കാട് ഐ.പി.സി. എബനേസർ പ്രെയർ സെന്ററിന്റെ നേതൃത്വത്തിൽ ഡിസംബർ 26-ന് സംസ്ഥാന പാതയിലെ വാച്ചാക്കൽ ജംഗ്ഷനിൽ ക്രിസ്തുമസ് സംഗീത സായാഹ്നവും സന്ദേശവും നടക്കും. കോതമംഗലം സാംസ് ബീറ്റ്സിന്റെ നേതൃത്വത്തിൽ ഗായകരായ പോൾസൺ കണ്ണൂർ, ഷൈമോൻ കോതമംഗലം, പ്രസാദ് വെണ്ണിക്കുളം, നെപ്പോളിയൻ തൃശൂർ, ജോയ്സ് വള്ളംകുളം, ഷീജാ പ്രസാദ് തുടങ്ങിയവർ ഗാനങ്ങൾ ആലപിക്കും.പ്രശസ്ത പ്രഭാഷകനായ പാസ്റ്റർ രാജു ആനിക്കാട് ക്രിസ്തുമസ് സന്ദേശം നൽകും. സഭാ പാസ്റ്റർ ഷാജി വിരുപ്പിൽ അധ്യക്ഷത വഹിക്കും.

## ഗാനസന്ധ്യയും അവയവദാന ബോധവത്ക്കരണം

എടത്വാ: സമീപ പ്രദേശങ്ങളിലെ പെന്തെക്കോസ്തു സഭകളിലെ യുവജനങ്ങളുടെ സംയുക്ത വേദിയായ യു.പി.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 21-ന് മ്യൂസിക് നൈറ്റും അവയവദാന- രക്തദാന ബോധവത്ക്കരണവും നടക്കും. മിസ്മോർ ഹാർമണിക്ക്, തിരുവല്ല സംഗീത ശുശ്രൂഷ നിർവ്വഹിക്കും. ഐഡിയാ സ്റ്റാർ സിംഗറിലെ ഇമ്മാനുവേൽ ഹെന്ററി അതിഥി ഗായകനായി പങ്കെടുക്കും.

## ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് കുടുംബ സംഗമം

തിരുവല്ല: ചർച്ച് ഓഫ് ഗോഡിലെ എഴുത്തുകാരുടെയും പ്രസാധകരുടെയും ഐക്യവേദിയായ ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പിന്റെ കുടുംബ സംഗമം ഡിസംബർ 23,24 തീയതികളിൽ നിലക്കൽ എക്യുമെനിക്കൽ സെന്ററിൽ നടക്കും. പ്രസിഡന്റ് പാസ്റ്റർ പി.ജി.മാത്യൂസ് ഉദ്ഘാടനം ചെയ്യും. വർഗീസ് റ്റി.തോമസ് (*മലയാള മനോരമ*), പ്രൊഫ.ജേക്കബ് തോമസ്, സുവി.പി.ഐ.ഏബ്രഹാം തുടങ്ങിയവർ ക്ലാസുകൾ നയിക്കും.

## സംസ്ഥാന പി.വൈ.പി.എ.സമൂഹ വിവാഹം



കട്ടപ്പന: പി.വൈ.പി.എ സംസ്ഥാന കമ്മിറ്റിയുടെയും ക്രോംപ്റ്റൺ ഇന്റർനാഷണൽ കമ്പനിയുടേയും സംയുക്താഭിമുഖ്യത്തിൽ മൂന്ന് യുവതികളുടെ വിവാഹം കട്ടപ്പന ടൗൺ ഹാളിൽ സുവി.വിൽസൺ ശാമുവേലിന്റെ അദ്ധ്യക്ഷതയിൽ പാസ്റ്റർ കെ.സി.തോമസ് നിർവ്വഹിച്ചു. സുവി.സിനോജ് ജോർജ്ജ് സ്വാഗതവും, പാസ്റ്റർ സാബു ചാപ്രത്ത് വിഷയാവതരണവും, പാസ്റ്റർ ജോബി ജോസഫ് കൃതജ്ഞതയും പറഞ്ഞു. നവദമ്പതികൾക്കുള്ള ധനസഹായം 1 ലക്ഷം രൂപ ഓരോ കുടുംബങ്ങൾക്ക് സജി പോൾ, സുധി കല്ലിങ്കൽ എന്നിവർ കൈമാറി.

## നഴ്സറി പുസ്തകം പ്രകാശനം



തിരുവല്ല: ശാരോൻ ഫെലോഷിപ്പ് സൺഡേസ്കൂൾ അസോസിയേഷൻ പ്രസിദ്ധീകരിച്ച നഴ്സറി പാഠപുസ്തകം നവംബർ 27-ന് ശാരോൻ ജനറൽ കൺവൻഷനിൽ പ്രകാശനം ചെയ്തു. ഡോ.റ്റി.ജി.കോശി, ഡോ.റ്റി.പി.ഏബ്രഹാമിനു ആദ്യകോപ്പി നൽകിയാണ് പ്രകാശനം നിർവ്വഹിച്ചത്.

മൂന്നു മുതൽ അഞ്ചു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കുവേണ്ടിയാണ് നഴ്സറി സ്കൂൾ പാഠപുസ്തകം തയ്യാറാക്കിയിരിക്കുന്നത്. കുട്ടിക്കവിതകളും, കഥകളും നിറം കൊടുക്കലുമൊക്കെയായി വളരെ ആകർഷകമായ നിലയിൽ പുറത്തിറക്കിയിരിക്കുന്ന ഈ പാഠപുസ്തകം പെന്തക്കോസ്തു സഭകളിലെ ആദ്യത്തെ സൺഡേസ്കൂൾ നഴ്സറി പുസ്തകമാണ്. കൂടാതെ ഒന്നാം ക്ലാസ്സിലേക്ക് പുതിയതായി തയ്യാറാക്കിയ ആക്റ്റിവിറ്റികളോടു കൂടിയ പാഠപുസ്തകവും പ്രകാശനം ചെയ്തു.

## ഹെവൻലി ആർമീസ് വാർഷിക സമ്മേളനം സമാപിച്ചു



ബാംഗ്ലൂർ: കർണ്ണാടകയിലെ പെന്തെക്കോസ്ത് സഭകളിലെ ശുശ്രൂഷകന്മാരുടെ ആത്മീയ സംഘടനയായ ഹെവൻലി ആർമീസിന്റെ പത്താമത് വാർഷിക സമ്മേളനവും ഏകദിന കൺവൻഷനും ക്യാമ്പസ് ഓഡിറ്റോറിയത്തിൽ നടന്നു. പാസ്റ്റർ റ്റി.ഡി. തോമസ് ഉദ്ഘാടനം ചെയ്തു. ഡോ. മാത്യു കുരുവിള, റവ.അമലേഷ് കുമാർ, ഡോ.ജോൺ താന്നിക്കൽ, റവ. റ്റി.ജെ.ബെന്നി, റവ.ഏബ്രഹാം വർഗീസ് എന്നിവർ പ്രസംഗിച്ചു. ക്രൈസ്തവ സംഗീത രംഗത്ത് 40-ൽപരം വർഷം ഗാനങ്ങൾ രചിക്കുകയും, ഗാനങ്ങളാലപിക്കുകയും ചെയ്ത പാസ്റ്റർ ഭക്തവത്സലനെ ആദരിച്ചു. പാസ്റ്റർമാരായ സിബി ജേക്കബ്, സന്തോഷ് കുമാർ, ജോർജ്ജ് എന്നിവർ നേതൃത്വം നൽകി.

### ഉണർവ്വിൻ അഗ്നി

ചാലക്കുടി: അസംബ്ലീസ് ഓഫ് ഗോഡിന്റെ കൺവൻഷൻ ഡിസം.13 -15 ചാലക്കുടി മുനിസിപ്പൽ ടൗൺ ഹാൾ ഗ്രൗണ്ടിൽ നടന്നു. ഡോ. മാത്യു ജോർജ്ജ് എം.ഡി (ബഹറിൻ), റവ.റ്റി.ജെ.സാമുവേൽ, കെ.ജെ.തോമസ് (കുമളി) തുടങ്ങിയവർ പ്രസംഗിച്ചു.

## പി.വൈ.പി.എ. സംസ്ഥാന കലാ മത്സരം ഓവറോൾ കിരീടം കൊട്ടാരക്കര മേഖലയ്ക്ക്



കുമ്പനാട്: പെന്തക്കോസ്ത് യുവജനസംഘടനയുടെ സംസ്ഥാന കലാമത്സരത്തിൽ കൊട്ടാരക്കര മേഖലക്ക് ഒന്നാം സ്ഥാനം. ഡിസംബർ 8ന് തിരുവല്ല ശാരോൻ ആഡിറ്റോറിയത്തിൽ കേരളത്തിലെ വിവിധ മേഖലകളിൽ നിന്നെത്തിയ 650-ൽപരം യുവജനങ്ങളാണ് കലാമത്സരത്തിൽ പങ്കെടുത്തത്.

സംസ്ഥാന സെക്രട്ടറി പാസ്റ്റർ സാബു ചാപ്രത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസിഡന്റ് വിൽസൺ ശാമുവേൽ ഉദ്ഘാടനം ചെയ്തു. എട്ട് വർഷത്തെ ഇടവേളയ്ക്ക് ശേഷം താലന്ത് പരിശോധനയിൽ കൊട്ടാരക്കര മേഖലയ്ക്ക് വിജയത്തിന്റെ പൊൻ തിളക്കം. പത്തനംതിട്ട മേഖലയ്ക്ക് രണ്ടാം സ്ഥാനവും, കോട്ടയം മേഖലയ്ക്ക് മൂന്നാം സ്ഥാനവും ലഭിച്ചു. പത്തനംതിട്ട മേഖലയിലെ പന്തളം സെന്ററിൽ പെട്ട മിനി എം. തോമസ് വ്യക്തിഗത ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. എക്സിക്യൂട്ടീവിനെ കൂടാതെ സുവി.ജോർജ്ജ് തോമസിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി പ്രവർത്തിച്ചു.

## വൈ.പി.ഇ.ബാംഗ്ലൂർ നോർത്ത് ക്യാമ്പ് സമാപിച്ചു



ബാംഗ്ലൂർ: ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ ബാംഗ്ലൂർ നോർത്ത് സെന്ററിന്റെ യുവജന ക്യാമ്പ് നവം.4-ന് കോത്തന്നൂരിൽ നടന്നു. പാസ്റ്റർ ഇ.ജെ.ജോൺസൺ സമാപന സന്ദേശം നൽകി. പാസ്റ്റർ എം.കുഞ്ഞപ്പി ഉദ്ഘാടനം ചെയ്തു. ലോർഡ്സൺ ആന്റണി, പ്രസിസ് ജോൺ, സോണി പുന്നവേലി എന്നിവർ ചേർന്ന് വിവിധ ഭാഷകളിൽ ഗാനശുശ്രൂഷ നടത്തി. പാസ്റ്റർ പ്രിൻസ് തോമസ് പ്രസംഗിച്ചു. പാസ്റ്റർ ഇ.ജെ. ജോൺസൺ, ബെൻസൺ ചാക്കോ, സോണി സി.ജോർജ്ജ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

## ക്രൈസ്തവ മാധ്യമ സെമിനാർ




*സാംകുട്ടി ചാക്കോ നിലമ്പൂർ പ്രസംഗിക്കുന്നു.*

കോട്ടയം: സി.പി.എഫിന്റെ ആഭിമുഖ്യത്തിൽ നവംബർ 23-ന് കുറുപ്പന്തറയിൽ ക്രൈസ്തവ മാധ്യമ സെമിനാർ നടന്നു. മോൻസ് ജോസഫ് എം.എൽ.എ. ഉദ്ഘാടനം നിർവ്വഹിച്ച സെമിനാറിൽ പാസ്റ്റർ ജോയി പെരുമ്പാവൂർ അദ്ധ്യക്ഷത വഹിച്ചു. ക്രിസ്തീയ മാധ്യമങ്ങളുടെ ദൗത്യവും നിർവ്വഹണവും എന്ന വിഷയത്തെ ആസ്പദമാക്കി സുവി. സാജൻ സി.ജേക്കബ് നയിച്ച ചർച്ചയിൽ സുവി.സാംകുട്ടി ചാക്കോ നിലമ്പൂർ പ്രബന്ധാവതരണം നടത്തി. രാജു ആനിക്കാട്, ആന്റണി വെളിയനാട്, സുനിൽവേട്ടമല, ഇവാ.സുരേഷ് എടക്കളത്തൂർ തുടങ്ങിയവർ അനുബന്ധ പ്രസംഗങ്ങൾ നടത്തി. പാസ്റ്റർമാരായ നെൽസൺ ജെ., ഇ.ജെ.വർഗ്ഗീസ്, ജോയ് പി. മാത്യു, സാബു സി.കെ. റോയി മീൻപാറ, ഏബ്രഹാം ജോയി എന്നിവർ നേതൃത്വം നൽകി. ജോബി ജോസഫ് മുണ്ടക്കയം സ്വാഗതവും, പാസ്റ്റർ ഇ.ജെ.വർഗ്ഗീസ് നന്ദിയും പറഞ്ഞു.


## മാവേലിക്കര വെസ്റ്റ് സെന്റർ കൺവൻഷൻ

മാവേലിക്കര: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ മാവേലിക്കര വെസ്റ്റ് സെന്റർ കൺവൻഷൻ ഫെബ്രുവരി 12-16 വരെ വഴുവാടി എബൻ-ഏസർ ഗ്രൗണ്ടിൽ നടക്കും. റവ.ഡോ.ജോൺ കെ.മാത്യു ഉദ്ഘാടനം ചെയ്യും. ജെ. വർഗീസ് ജനറൽ കൺവീനർ, പന്തൽ പി.ജെ.കോശി, പബ്ലിസിറ്റി പാസ്റ്റർ സിബിച്ചൻ ജോസഫ്, വർഗീസ് ദേവസ്യാ, ബ്ലസൻ ഉമ്മൻ ചെറിയാൻ, ബിജു മാത്യു, ലൈറ്റ് & സൗണ്ട് പാസ്റ്റർ കെ.വി.ജോൺസൺ, എന്നിവർ നേതൃത്വം നൽകും. റവ. ജോൺ കെ.മാത്യു, പാസ്റ്റർ ഫിലിപ്പ് പി.തോമസ്, പാസ്റ്റർ ജോയി പാറക്കൽ, പാസ്റ്റർ കെ.ജെ.തോമസ് കുമളി, പാസ്റ്റർ കെ.കെ.ചെറിയാൻ തുടങ്ങിയവർ പ്രസംഗിക്കും.

## പി.വൈ.പി.എ. മിനി എം. തോമസിന് ചാമ്പ്യൻഷിപ്പ്

തിരുവല്ല: ഐ.പി.സി.യുവജനസംഘടയായ പി.വൈ.പി.എ. സംസ്ഥാന താലന്തു പരിശോധനയിൽ എഞ്ചിനിയറിംഗ് വിദ്യാർത്ഥിനി മിനി എം.തോമസിന് ചാമ്പ്യൻഷിപ്പ്. പ്രസംഗത്തിനും ഉപന്യാസത്തിനും ഒന്നാം സ്ഥാനവും ചെറുകഥാ രചനക്ക് രണ്ടാം സ്ഥാനവും നേടിയാണ് 13 പോയിന്റോടെ ഒന്നാം സ്ഥാനത്തെത്തിയത്. പന്തളം സെന്ററിൽ ഐക്കാട് എബനേസർ സഭാംഗമായ മിനി ഭവനിൽ തോമസ്-ഓമന ദമ്പതികളുടെ ഏകമകളാണ്. തിരുവനന്തപുരം സാരാഭായ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജിയിൽ മൂന്നാം വർഷ ബി.ടെക് വിദ്യാർത്ഥിനിയാണ്.

## കുഞ്ഞുമോൻ ദാനിയേലിന് ഡോക്ടറേറ്റ്




ടൊറന്റോ, കാനഡ: പ്രശസ്ത എഴുത്തുകാരനും ടൊറന്റോ ഫുൾ ഗോസ്പൽ അസംബ്ലിയുടെ ശുശ്രൂഷകനുമായ റവ.കുഞ്ഞുമോൻ ദാനിയേലിന് ഡോക്ടറേറ്റ് ലഭിച്ചു. ടൊറൊന്റോയിലെ ടിൻടൈൽ യൂണിവേഴ്സിറ്റി കോളജ് & സെമിനാരിയിൽ നിന്ന് "Developing Missional Leadership to Transition a Malayalee Church to a Multicultural congregation" എന്ന വിഷയത്തിലാണ് ഡോക്ടറേറ്റ് ലഭിച്ചത്. നിരവധി പുസ്തകങ്ങളുടെ രചയിതാവായ ഇദ്ദേഹത്തിന്റെ 'എഫെസ്യ ലേഖന വ്യാഖ്യാനം' എന്ന ഗ്രന്ഥത്തിന് അവാർഡ് ലഭിച്ചിട്ടുണ്ട്. ദീർഘ വർഷങ്ങളായി കാനഡയിൽ താമസിക്കുന്നു. ഭാര്യ: ലില്ലി

## പാസ്റ്റർ കാലേബ് ജയകുമാർ പ്രസംഗിക്കുന്നു



ആയൂർ: സുപ്രസിദ്ധ സുവിശേഷ പ്രഭാഷകനും നാലായിരത്തോളം വിശ്വാസികൾ ഉള്ള പ്രാദേശിക സഭയുടെ ശുശ്രൂഷകനും ആയ പാസ്റ്റർ എസ്. കാലേബ് ജയകുമാർ ഐ.പി.സി ആയൂർ ഡിസ്ട്രിക്ട് കൺവൻഷനിൽ പ്രസംഗിക്കുന്നു. ഡിസംബർ 19-22 വരെ ചെങ്കുളം മരുതമൺപള്ളി ജംഗ്ഷനിൽ കൺവൻഷൻ നടക്കും. പാസ്റ്റർമാരായ കെ.സി.ജോൺ, കെ.സി. തോമസ്, ജോയി ജോസഫ്, സി.വി.ജോൺ എന്നിവരും പ്രസംഗിക്കും. പാസ്റ്റർ വർഗീസ് മത്തായി ഉദ്ഘാടനം ചെയ്യും.

## സഭാഹാൾ സമർപ്പണം



ബാംഗ്ലൂർ: ഐ.പി.സി.ഇമ്മാനുവേൽ ബാനസവാടി സഭയുടെ ബ്രാഞ്ച് ചർച്ച് ഐ.പി.സി.പ്രെയർ ഗാർഡൻ, റ്റി.സി.പാളയ ഹാളിന്റെയും മൗണ്ട് മോറിയാ ബിൽഡിങ്ങിന്റെയും സമർപ്പണ ശുശ്രൂഷ ഡിസം.21-ന് കർണ്ണാടക സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ വിത്സൺ ജോസഫ് നിർവഹിച്ചു. വൈസ് പ്രസിഡന്റ് പാസ്റ്റർ റ്റി.ഡി. തോമസ്, സെക്രട്ടറി പാസ്റ്റർ കെ.എസ്.ജോസഫ് എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ സി.ഒ.ജോൺ നേതൃത്വം നൽകി.



## കൺവൻഷൻ

**കാട്ടാക്കട:** അരുവിക്കുഴി ന്യൂ ഇൻഡ്യ ചർച്ച് ഓഫ് ഗോഡ് ഒരുക്കിയ കൺവൻഷൻ നവം.15 –17 വരെ ചർച്ച് ഗ്രൗണ്ടിൽ നടന്നു. പാസ്റ്റർമാരായ ഷമീർ, ജെയ്സ് പാണ്ടനാട്, സിസ്റ്റർ ശ്രീലേഖ എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ശാമുവൽ ജോൺ നേതൃത്വം നൽകി.

**പേരൂർക്കട:** പേരൂർക്കട ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ നവം.15–7 വരെ പേരൂർക്കട നഥാൻ ഹോട്ടലിൽ നടന്നു. പാസ്റ്റർ ജോസ് ബേബി ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർമാരായ ആന്റണി ഫ്രാൻസിസ്, ജെയ്സ് പാണ്ടനാട്, പി.ആർ. ബേബി എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ കെ. തോമസ് ജോർജ്ജ് നേതൃത്വം നൽകി.

**കുന്നംകുളം:** അയ്യംപറമ്പ് അപ്പൊസ്തൊലിക് ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ നവംബർ 29 – ഡിസംബർ 1 വരെ അയ്യംപറമ്പ് ഹോരേബ് ഹാളിന് സമീപം നടന്നു. പാസ്റ്റർമാരായ അനീഷ്, കുമാർദാസ്, ജെയ്സ് പാണ്ടനാട്, സിസ്റ്റർ ലൂസി ബാബു എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ സാമുവേൽ പോൾ നേതൃത്വം നൽകി.

**നെയ്യാറ്റിൻകര:** നാറാണി ചർച്ച് ഓഫ് ഗോഡിന്റെ കൺവൻഷൻ നവംബർ 24 മുതൽ ഡിസം.1വരെ ചർച്ച് ഗ്രൗണ്ടിൽ നടന്നു. പാസ്റ്റർ പി. എ. ജെറാൾഡ് ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർന്മാരായ അജി ആന്റണി, ജെയ്സ് പാണ്ടനാട്, രാജേഷ് ഏലപ്പാറ, ബൈജു ചിറ്റാർ, ബിനു ജോർജ്, രതീഷ് ബാബു, വിനോദ് കുമാർ എന്നിവർ പ്രസംഗിച്ചു.

**കുന്നംകുളം:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ കുന്നംകുളം സെന്ററിന്റെ കൺവൻഷൻ ഡിസംബർ 26–29 വരെ സീയോൻ നഗറിൽ നടക്കും. കുന്നംകുളം സെന്റർ മിനിസ്റ്റർ പാസ്റ്റർ ടി.ജെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ റ്റി.ഡി.ബാബു, സാജു ജോസഫ്, തോമസ് ഫിലിപ്പ്, ഫിലിപ്പ് പി.തോമസ്, എന്നിവർ പ്രസംഗിക്കും. പാസ്റ്റർ കെ.എ.വർഗീസ്, പാസ്റ്റർ കെ.പി.എൽദോ, പാസ്റ്റർ പി.കെ.മധു, പി.കെ.ദേവസി എന്നിവർ നേതൃത്വം നൽകും.

**വട്ടപ്പാറ:** ഇന്ത്യ ഗോസ്പൽ ചർച്ച് കൺവൻഷൻ ഗോസ്പൽ ഫെസ്റ്റ് ഡിസംബർ 9–12 വരെ ചിറ്റാഴ ജംഗ്ഷനിൻ നടന്നു. പാസ്റ്റർന്മാരായ പി.സി.ചെറിയാൻ, കെ.ഒ.തോമസ്, ജെയ്സ് പാണ്ടനാട് എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ഏലിയാസർ നേതൃത്വം നൽകി.

## ആലയ പ്രതിഷ്ഠ

ആയൂർ: ഐ.പി.സി.മലപ്പേരൂർ ബഥേൽ ആരാധനാലയത്തിന്റെ പ്രതിഷ്ഠാ ശുശ്രൂഷയും ഉദ്ഘാടനവും പാസ്റ്റർ വർഗീസ് മത്തായി നിർവ്വഹിച്ചു. സഭാ ശുശ്രൂഷകൻ പാസ്റ്റർ സാബു മാത്യു അധ്യക്ഷത വഹിച്ചു.

## ആലയ പ്രതിഷ്ഠ

ഹരിപ്പാട് : ഹരിപ്പാട് ടൗൺ ഗിൽഗാൽ ചർച്ച് ഓഫ് ഗോഡ് പുതിയ സഭാഹാളിന്റെ സമർപ്പണ ശുശ്രൂഷ ഹരിപ്പാട് ഡിസ്ട്രിക്ട് പാസ്റ്റർ റവ. ബാബു വർഗീസ് നിർവ്വഹിച്ചു. പാസ്റ്റർ ചാർലി വർഗ്ഗീസ് അദ്ധ്യക്ഷത വഹിച്ചു.

## ഡിസ്ട്രിക്ട് കൺവൻഷൻ

തൃശൂർ: കുന്നംകുളം-ഗുരുവായൂർ ചർച്ച് ഓഫ് ഗോഡ് ഡിസ്ട്രിക്ട് കൺവൻഷൻ നവം.15–17 വരെ കുന്നംകുളം സീയോൻ നഗറിൽ നടന്നു.

## പാമ്പാടി കൺവൻഷൻ

പാമ്പാടി: ഐ.പി.സി.പാമ്പാടി സെന്റർ 48–ാമത് കൺവൻഷൻ ജനുവരി 1–5 വരെ പുളിക്കൽ കവല സീയോൻ ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർമാരായ റ്റി.സി.കോശി, ജേക്കബ് ജോൺ, സണ്ണി കുര്യൻ, ബാബു ചെറിയാൻ, വർഗീസ് ഏബ്രഹാം, ബി.മോനച്ചൻ, കെ.ജോയി, ഡോ.അലക്സ് കോശി, ഡോ.സി.തോമസ്, റവ.എബി പീറ്റർ, ലില്ലിക്കുട്ടി സാമുവേൽ എന്നിവർ പ്രസംഗിക്കും.

## ഉപവാസ പ്രാർത്ഥന

**പെരിന്തൽമണ്ണ:** ഐ.പി.സി.പെരിന്തൽമണ്ണ ഏരിയായിൽ നവംബർ 1–8 വരെ ഉപവാസ പ്രാർത്ഥന നടന്നു. പാസ്റ്റർമാരായ ബിജോയ് കുര്യാക്കോസ്, ദീപേഷ്, തുടങ്ങിയവർ ശുശ്രൂഷിച്ചു.

**നിലമ്പൂർ:** ഐ.പി.സി. നിലമ്പൂർ ടൗൺ ചർച്ചിന്റെ ഉപവാസ പ്രാർത്ഥന ഒക്ടോബർ 28 മുതൽ നവംബർ 3 വരെ നടന്നു.

## പവ്വർ കോൺഫ്രൻസ്

ഒറ്റപ്പാലം: അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ കൺവൻഷൻ ഡിസംബർ 19–21 വരെ ഒറ്റപ്പാലം മെഗാമാളിൽ നടക്കും. അനിൽ കൊടിത്തോട്ടം, ഡോ.രാജു തോമസ് എന്നിവർ പ്രസംഗിക്കും. പാസ്റ്റർ കെ.കെ.വിത്സൺ നേതൃത്വം നൽകും.





അക്ഷരകൈരളി കാത്തിരുന്ന

സങ്കീർത്തനങ്ങൾ ഒരു വ്യാഖ്യാനം



പോൾസൺ പുലിക്കോട്ടിൽ

Price : Rs. ~~725.00~~

Book before December 30th
Rs. 550/-

This facility avilable for all christian book stalls

832 pages in crown 1/4 size. (Book size: 16.5x24 cms)
Commentary of Psalms 1-150, with an introduction and an appendix of notes.
Price: Rs 725.00

A very generous pre-publication offer is available on orders placed before December 30, 2013 contact Sanctuary Word Media or call 0484-2557606 or 09447154450 to reserve your copy!

* Postages extra

SANCTUARY
Word Media Publishing Pvt. Ltd.

26/150A, Avee's Building,Toll Junction
Edapally, Cochin-24, Kerala, India.
Tel. 0484-2557606, Email:sanctuarywm@gmail.com



# ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ കൊട്ടാരക്കര മേഖല

# 54–ാമത് കൺവൻഷൻ

**സ്ഥലം : ഐ.പി.സി. ബേർശേബാ ഗ്രൗ, പുലമൺ, കൊട്ടാരക്കര**
**തീയതി: 2014 ജനുവരി 1 ബുധൻ മുതൽ 5 ഞായർ വരെ**

**ഉദ്ഘാടനം: പാസ്റ്റർ ഇ.സി. ജോർജ്ജ് (മേഖലാ പ്രസിഡന്റ്)**

**പ്രസംഗകർ**

**പാസ്റ്റർ റ്റി.ഡി. ബാബു**
**പാസ്റ്റർ ബേബി കടമ്പനാട്**
**പാസ്റ്റർ വർഗ്ഗീസ് ഏബ്രഹാം**
**പാസ്റ്റർ ജേക്കബ് ജോർജ്ജ്**
**പാസ്റ്റർ എം.വി. വർഗീസ്**
**പാസ്റ്റർ കെ.സി. തോമസ്**
**ഡോ. ജെയ്സൺ തോമസ്**
**പാസ്റ്റർ ഡോ.കെ.സി. ജോൺ**
**പാസ്റ്റർ ജയിംസ് ജോർജ്ജ്**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ സാം ജോർജ്ജ്**
**പാസ്റ്റർ ഡോ. ഫിലിപ്പ് പി. തോമസ്**

വ്യാഴം ഉച്ചയ്ക്ക് 2 മണിമുതൽ
**ശുശ്രൂഷ കുടുംബസംഗമം**
വെള്ളി ഉച്ചയ്ക്ക് 2 മണിമുതൽ
**സഹോദരി സമാജം വാർഷികം**
ശനി ഉച്ചയ്ക്ക് 2 മണിക്ക്
**സണ്ടേസ്കൂൾ,**
**പി.വൈ.പി.എ. വാർഷികം**
ഞായർ രാവിലെ 8 മണിക്ക്
**കർത്തൃമേശ, പൊതുയോഗം**

സയോൺ സിംഗേഴ്സ്, വെണ്ണിക്കുളം

*ഏവർക്കും സ്വാഗതം*

കൺവൻഷനുവേണ്ടി

| പാസ്റ്റർ ഇ.സി. ജോർജ്ജ് | ജെയിംസ് ജോർജ്ജ് വേങ്ങൂർ | പി.വി.കുട്ടപ്പൻ | ബാബു അടൂർ |
|---|---|---|---|
| (മേഖല പ്രസിഡന്റ്) | (മേഖല സെക്രട്ടറി) | (മേഖല ട്രഷറാർ) | (പബ്ലിസിറ്റി കൺവീനർ) |

## സെന്റർ കൺവൻഷൻ

ആറ്റിങ്ങൽ: ഐ.പി.സി.ആറ്റിങ്ങൽ സെന്റർ കൺവൻഷൻ ഫെബ്രുവരി 12–16 വരെ മംഗലപുരം തോന്നയ്ക്കൽ കല്ലൂർ റോഡിൽ ഐ.പി.സി. കൺവൻഷൻ സെന്ററിൽ നടക്കും. പാസ്റ്റർ ജേക്കബ് ജോൺ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ അഗസ്റ്റിൻ ഹെൻട്രി, രാജു പൂവക്കാല, റോയി ഡാനിയേൽ മാത്യു, എബി ഐരൂർ, കെ. ജോയി, എ.സി.ജോർജ്ജ്, ഒമേഗ സുനിൽ എന്നിവർ പ്രസംഗിക്കും.

## അർത്തുങ്കൽ കൺവൻഷൻ

ചേർത്തല: ഐ.പി.സി.ഹെബ്രോൻ സഭയുടെ കൺവൻഷൻ അർത്തുങ്കൽ ഐ.പി.സി.ജംഗ്ഷനിൽ ആബ്ബാ ഐസ് പ്ലാന്റ് ഗ്രൗണ്ടിൽ ഡിസം.27–29 വരെ നടക്കും. പാസ്റ്റർമാരായ റ്റി. ഡി.ബാബു, ഷാജു സി.ജോസഫ്, ഗോപിനാഥനാചാരി എന്നിവർ പ്രസംഗിക്കും. പാസ്റ്റർ സാബു ജോൺ കൺവീനറായി പ്രവർത്തിക്കുന്നു.

## കൺവൻഷൻ

കാസർഗോഡ് : പറമ്പ ഐ.പി.സി. പ്രെയർ സെന്ററിന്റെ കൺവൻഷൻ ഡിസം.13, 14 തീയതികളിൽ നടന്നു. പാസ്റ്റർ ജെയ്മോൻ ലൂക്കോസ് നേതൃത്വം നൽകി. പാസ്റ്റർ ജോയി പോൾ ഉദ്ഘാടനം ചെയ്തു.

## കുഴിക്കാല കൺവൻഷൻ

കുഴിക്കാല: കുഴിക്കാല കേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്ന ഇന്ത്യൻ പെന്തെക്കോസ്തൽ അസംബ്ലി സഭയുടെ 41-ാമത് കൺവൻഷൻ ജനുവരി 1–5 വരെ ഫിലദൽഫ്യാ ഗ്രൗണ്ടിൽ നടക്കും. സഭാ പ്രസിഡന്റ് പാസ്റ്റർ എം.ഡി.ഡാനിയേൽ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ജോയി പാറക്കൽ, കെ.ജോയി, ഡോ.തോമസ് മാമ്മൻ എന്നിവർ പ്രസംഗിക്കും.

## കരിസ്മ കടുത്തുരുത്തി

കടുത്തുരുത്തി: ഐ. പി. സി ഇമ്മാനുവേൽ പ്രെയർ സെന്റർ കരിസ്മ കൺവൻഷൻ ഡിസംബർ 20–22 വരെ ഖാദിഭവന് എതിർവശം നടക്കും. പാസ്റ്റർ വി. എം ശമുവേൽ (ഏരിയാ വൈസ് പ്രസിഡന്റ്) ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ബാബു ചെറിയാൻ, റ്റി. ഡി ബാബു, ജോയി പാറയ്ക്കൽ എന്നിവർ പ്രസംഗിക്കും. ഗാനശുശ്രൂഷ ആരാധനാമ്യൂസിക് മിനിസ്ട്രി നയിക്കും.

## പുന്നവേലി സെന്റർ താലന്തു പരിശോധന

പുന്നവേലി: സെന്റർ പി.വൈ.പി.എ. താലന്തു പരിശോധനയിൽ പുല്ലുകുത്തി ഹെബ്രോൻ ഒന്നാം സ്ഥാനവും, ഗിൽഗാൽ വായ്പ്പൂരും, അത്യാൽ പി.വൈ.പി.എ.യും രണ്ടാം സ്ഥാനവും കരസ്ഥമാക്കി. നീലംപാറ പി.വൈ.പി.എ.യൂണിറ്റിലെ റിജോ തോമസ് വ്യക്തിഗത ചാമ്പ്യനായി. പ്രസിഡന്റ് പാസ്റ്റർ വി.പി.സാബു, സെക്രട്ടറി ടോണി തോമസ്, വൈസ് പ്രസിഡന്റ് പാസ്റ്റർ മജോ പീറ്റർ തുടങ്ങിയവർ നേതൃത്വം നൽകി.

## സണ്ടേസ്കൂൾ വിജയികൾ

വളഞ്ഞമ്പലം: ഐ.പി.സി.എറണാകുളം സെന്റർ സണ്ടേസ്കൂൾ താലന്തു പരിശോധനയിൽ അർത്തുങ്കൽ സൺഡേസ്കൂൾ വിജയിച്ചു. തിരുവാങ്കുളം, വളഞ്ഞമ്പലം, എന്നിവ യഥാക്രമം രണ്ടും മൂന്നും സ്ഥാനം നേടി. പാസ്റ്റർ കെ.സി.സാമുവേൽ ഉദ്ഘാടനം ചെയ്തു.

## സെന്റർ ഭാരവാഹികൾ

എറണാകുളം: ഐ.പി.സി.എറണാകുളം സെന്റർ ഭാരവാഹികളായി പാസ്റ്റർ കെ.സി.സാമുവേൽ (പ്രസിഡന്റ്), പാസ്റ്റർ ജോൺ റ്റി.മാത്യു (വൈസ് പ്രസിഡന്റ്), പാസ്റ്റർ കെ. എസ്.സണ്ണി (സെക്രട്ടറി), റ്റി.ഡി.ഡേവിഡ് (ജോ.സെക്രട്ടറി), ജോൺ ചെറിയാൻ (ട്രഷറാർ), പാസ്റ്റർ എ.കെ.രാജൻ (പബ്ലിസിറ്റി കൺവീനർ)

## പി.വൈ.പി.എ.ഭാരവാഹികൾ

എറണാകുളം: ഐ.പി.സി.എറണാകുളം സെന്റർ പി.വൈ.പി.എ. ഭാരവാഹികളായി റോയി പി.മാത്യു (പ്രസിഡന്റ്), സാമുവേൽ ജോസഫ് (വൈസ് പ്രസിഡന്റ്), നെൽസൺ സേവ്യർ (സെക്രട്ടറി), പാസ്റ്റർ സതീഷ് മാത്യു (ജോയിന്റ് സെക്രട്ടറി), ജോബിൻ മാത്യു (ട്രഷറാർ), അനീഷ് (പബ്ലിസിറ്റി കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു.

## ശാരോൻ ഡിസ്ട്രിക്ട് കൺവൻഷൻ

പത്തനംതിട്ട: ശാരോൻ ചർച്ച് പത്തനംതിട്ട ഡിസ്ട്രിക്ട് കൺവൻഷൻ ജനുവരി 2–5 വരെ മേക്കൊഴൂർ മോടിയിൽ പി.റ്റി.സാമുവേലിന്റെ ഭവനാങ്കണത്തിൽ നടക്കും. ഡിസ്ട്രിക്ട് മിനിസ്റ്റർ പാസ്റ്റർ വി.ജെ.തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ബി.മോനച്ചൻ, പോൾ ഗോപാലകൃഷ്ണൻ, കെ.ജെ.മാത്യു, ഡോ.ബി.വർഗീസ് തുടങ്ങിയവർ പ്രസംഗിക്കും. സോദരീ സമ്മേളനം, സി.ഇ.എം.-സൺഡേസ്കൂൾ സമ്മേളനം, സംയുക്ത ആരാധനയും നടക്കും.

## മാമംഗലത്ത് കൺവൻഷൻ

കൊച്ചി: മാമംഗലത്ത് പ്രവർത്തിക്കുന്ന റിവൈവൽ ടാബർനാക്കിൾ പ്രാർത്ഥനാലയത്തിൽ ഡിസം.14,15 തീയതികളിൽ കൺവൻഷൻ നടന്നു. പാസ്റ്റർ റജി സ്കറിയാ, ലിബി കെ. എക്സ് എന്നിവർ ശുശ്രൂഷിച്ചു.

## താലന്ത് പരിശോധന

ആലപ്പുഴ: പി.വൈ.പി.എ.ആലപ്പുഴ മേഖലാ താലന്ത് പരിശോധന നവംബർ 14-ന് വഴുവാടി (മാവേലിക്കര) ഐ.പി.സി.എബനേസറിൽ നടന്നു. സോണൽ പ്രസിഡന്റ് ജസ്റ്റിൻ രാജിന്റെ അധ്യക്ഷതയിൽ ഇവാ.സിനോജ് ജോർജ്ജ് ഉദ്ഘാടനം ചെയ്തു. ആലപ്പുഴ വെസ്റ്റ് സെന്റർ ഒന്നാം സ്ഥാനവും, മാവേലിക്കര ഈസ്റ്റ് ഡിസ്ട്രിക്ട് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

## എ.ജി.താലന്ത് പരിശോധന

കോഴിക്കോട്: എ.ജി.മലബാർ ഡിസ്ട്രിക്ട് സണ്ടേസ്കൂൾ താലന്ത് പരിശോധന ഡിസംബർ 23-ന് കോഴിക്കോട് നളന്ദയിൽ നടക്കും. റവ.വി. റ്റി.ഏബ്രഹാം ഉദ്ഘാടനം ചെയ്യും.

## സെന്റർ കൺവൻഷൻ

മല്ലപ്പള്ളി: ഐ.പി.സി.മല്ലപ്പള്ളി സെന്റർ കൺവൻഷൻ ജനുവരി 1–5 വരെ മല്ലപ്പള്ളി സീയോൻ ടാബർനാക്കിൾ മൈതാനത്തിൽ സെന്റർ പാസ്റ്റർ കെ.വി.ചാക്കോ ഉദ്ഘാടനം ചെയ്യും.

## കോട്ടാ സെന്റർ പി.വൈ.പി.എ രൂപീകരിച്ചു



*പാസ്റ്റർ ജെയിംസ് ഫിലിപ്പ്*

കോട്ട/രാജസ്ഥാൻ: ഐ.പി.സി. രാജസ്ഥാൻ സ്റ്റേറ്റിന്റെ കോട്ടാ സെന്റർ പി.വൈ.പി.എ രൂപീകരിച്ചു, സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ ജോർജ്ജ് സി. വർഗ്ഗീസ് , സെക്രട്ടറി പാസ്റ്റർ പി. എം. തോമസ് എന്നിവരുടെ നേതൃത്വത്തിൽ ഐ.പി.സി. ഹെബ്രോൻ കോട്ട ചർച്ചിൽ കൂടിയ ജനറൽ ബോഡി മീറ്റിംഗിൽ പ്രസിഡന്റായി പാസ്റ്റർ ജെയിംസ് ഫിലിപ്പ് , വൈസ് പ്രസിഡന്റ് പാസ്റ്റർ സജി തോമസ് , സെക്രട്ടറി സംഗീത് രാജ് , ട്രഷറാർ സാരൂൺ സി. സാം എന്നിവരെ തിരഞ്ഞെടുത്തു.

## കുമ്പനാട് റ്റി.പി.എം. കൺവൻഷൻ

കുമ്പനാട്: മുട്ടുമൺ ദി പെന്തെക്കോസ്ത് മിഷന്റെ ആഭിമുഖ്യത്തിൽ ഡിസം.19–22 വരെ മുട്ടുമൺ ഐക്കര പെനിയേൽ ഗ്രൗണ്ടിൽ കൺവൻഷൻ നടക്കും. വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ സുവിശേഷ പ്രസംഗങ്ങളും വെള്ളി, ശനി പ്രശ്ന പരിഹാര പ്രാർത്ഥനയും, ഞായറാഴ്ച രാവിലെ ചെങ്ങന്നൂർ, മല്ലപ്പള്ളി, വെണ്ണിക്കുളം, കുന്നന്താനം, കറ്റോട്, ഓതറ, കുമ്പനാട് എന്നീ സഭകളുടെ സംയുക്ത സഭാ യോഗവും ഉണ്ടായിരിക്കും.

## താലന്ത് പരിശോധന

പെരിന്തൽമണ്ണ: ഐ.പി.സി.പെരിന്തൽമണ്ണ ഏരിയായുടെ പി.വൈ.പി.എ.യുടെ താലന്ത് പരിശോധന പെരിന്തൽമണ്ണ വ്യാപാര ഭവനിൽ നടന്നു.


**കോയമ്പത്തൂരിൽ ആത്മീയ ആരാധന**
(IPC, CHAVADY)
സ്ഥലം: **പാലക്കാട്–കോയമ്പത്തൂർ റൂട്ടിൽ കെ.കെ.ചാവടിക്ക് സമീപം**
*സമയം:* **ആരാധന (ഞായർ 10.00 – 12.30), ഉപവാസ പ്രാർത്ഥന (വെള്ളി 10.30–1.00)**
കൂടാതെ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള കൗൺസലിംഗ്, പ്രാർത്ഥന എന്നിവയും നടത്തപ്പെടുന്നു.
**Pr.J.Johnson/Ph:9751599201**
**email: knowword@gmail.com**

**WANTED**
ഇന്ത്യയിലുടനീളം പ്രവർത്തിക്കുന്ന സ്വകാര്യക്രൈസ്തവ സ്ഥാപനത്തിലേക്ക് ഉദ്യോഗാർത്ഥികളെ ആവശ്യമുണ്ട്. വിദ്യാഭ്യാസമേഖലയുമായി പ്രവർത്തിക്കുന്നവർക്ക് മുൻഗണന. ആകർഷകമായ ശമ്പളവും കമ്മീഷനും ലഭ്യമാണ്.
**For contact : 8547666738, 9496997599**

**വീട്ടമ്മമാർക്ക് ഒരു സന്തോഷവാർത്ത**
വൃത്തിയുള്ള അടുക്കള
വെടിപ്പുള്ള ഭവനം
**CLEAN & BRIGHT**
LIQUID SOAP
KOTTAYAM - 686521






കഴിഞ്ഞ ഒൻപതു വർഷങ്ങളായി ഉപഭോക്താക്കളിൽ നൂറു ശതമാനം ജനസമ്മിതി നേടിയിട്ടുള്ളതും ഒരിക്കൽ ഉപയോഗിച്ചവർ വീണ്ടും വീണ്ടും ചോദിച്ചു വാങ്ങുന്നതും ലോകോത്തര ഗുണനിലവാരം പുലർത്തുന്നതും അലർജി നിമിത്തം യാതൊരുസോപ്പുല്പന്നങ്ങളും ഉപയോഗിക്കുവാൻ പാടില്ലാത്തവർ തിരഞ്ഞെടുക്കുന്നതുമായ **ക്ലീൻ ആന്റ് ബ്രൈറ്റ് സോപ്പ് ലിക്വിഡ്** അയൽവീടുകൾ, അയൽക്കൂട്ടങ്ങൾ, കുടുംബശ്രീകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുവാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക. ഉയർന്ന കമ്മീഷൻ നൽകുന്നു. ഗുണത്തിൽ മെച്ചം വിലയിൽ തുച്ഛം.
**ശുശ്രൂഷകന്മാരുടെ ശ്രദ്ധക്ക്: സഭകളിൽ സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന സഹോദരീസഹോദരന്മാർക്കു വേണ്ടി ധൈര്യമായി ശുപാർശ ചെയ്യാവുന്നതാണ്.**
കൂടുതൽ വിവരങ്ങൾക്ക് :9495509822

**ബാംഗ്ലൂർ പട്ടണത്തിന്റെ ഹൃദയഭാഗമായ കൊമേഴ്സ്യൽ സ്ട്രീറ്റിൽ**
**ആത്മീയ ആരാധനയിലേക്ക് സ്വാഗതം**





ഉപരിപഠനത്തിനോ, ജോലി സംബന്ധമായി കടന്നുവരുന്നവർക്കും ബാംഗ്ലൂരിൽ താമസിക്കുന്നവർക്കും ഐ.പി.സി. ചർച്ച് ഓഫ് ഫെയ്ത്ത് ഒരുക്കുന്ന ആത്മനിറവിലുള്ള ആരാധയിലേക്കും വിടുതൽ ശുശ്രൂഷയിലേക്കും സ്വാഗതം ചെയ്യുന്നു.
കൂടുതൽ വിവരങ്ങൾക്ക്:
**പാസ്റ്റർ സിനു ജോയി. 09482523407 (ബാംഗ്ലൂർ)**
**ഇവ. അജു അലക്സ്. 9847898554 (കേരളം)**

**അത്ഭുതകരമായ ദൈവിക വിടുതൽ കൺവൻഷൻ മെസേജുകൾക്ക്**
**പ്രയർസെന്റർ 24 hours**
നിങ്ങൾ അനുഭവിക്കുന്ന ഏത് പ്രശ്നങ്ങൾക്കും ദൈവാത്മാവിന്റെ ആലോചന പ്രകാരം പ്രാർത്ഥിച്ച്, അത്ഭുത വിടുതലുകൾ ദൈവം നൽകുന്നു. നിങ്ങളുടെ കുടുംബത്തിന്റെ പ്രാർത്ഥനാ വിഷയങ്ങൾക്കും ബന്ധപ്പെടുക.
**Nigil Varghese, Sharon Gospel Ministries, ARA Complex, Kuttippady Junction, Mannanam, Kottayam-686 501**
**Mobile No.9605829827, 9946459441, 9747492830,**

**Attention NURSES**
നിങ്ങൾ സ്വപ്നം കാണുന്ന ഉയരങ്ങളിലെത്തുവാൻ ഇപ്പോഴത്തെ നിങ്ങളുടെ വിദ്യാഭ്യാസം കുറവെന്ന് തോന്നുന്നുവോ? നിങ്ങൾക്കും നേടാം നേഴ്സിംഗ് മേഖലയിൽ ഉയർന്ന തസ്തികയും ശമ്പളവും... **ജനറൽ നേഴ്സിംഗ് കഴിഞ്ഞവർക്ക് ജോലിയോടൊപ്പം പഠനവും നടത്തി ഡിഗ്രി കരസ്ഥമാക്കാം(P.C.B.Sc). ബി. എസ്. സി നഴ്സിംഗ് കഴിഞ്ഞവർക്കും എം. എസ്. സി. നഴ്സിംഗിനും സുവർണ്ണാവസരം.....**
ONE DECADE OF EXCELLENT SERVICES IN COUNSELLING, GUIDANCE & ADMISSION
**P.C. B.Sc.(N) | M.Sc.(N)**
REGULAR & CORRESPONDENCE
CALL @ 9947963438 9847170530
CAREER EDUCATION
WHERE EDUCATION HAS A NEW DIMENSION
AMPRAYIL BLDGS, YMCA JN.,T.K. ROAD
THIRUVALLA PH 0469-2620999, 2606002
Email: careereducationtvla@gmail.com




## യാത്രയായവർ

### ആനിയമ്മ ഷിബു



പുനലൂർ: ഐ.പി.സി.പുത്തൂർക്കര സഭാംഗവും വിളനിലത്ത് കുഞ്ഞുമ്മൻ-ദീനാമ്മ ദമ്പതികളുടെ മകളും ബീഹാർ പാറ്റ്ന ബിലീവേഴ്സ് ചർച്ച് ഡയോസിസ് സെക്രട്ടറി റവ.ഷിബുവിന്റെ ഭാര്യ ആനിയമ്മ (46) നിര്യാതയായി. മക്കൾ: ജോഷ്വാ, കെസിയ. സഹോദരങ്ങൾ: റവ.ജെയിംസ് വിളനിലം, ജോസ് വി. കെ, പാസ്റ്റർ സാം കുഞ്ഞുമ്മൻ, റോസമ്മ, തോമസ്

### സി.എം.ബഞ്ചമിൻ



സൗത്ത് ഫ്ളോറിഡാ: ഗ്രീൻ മെഡോ ചർച്ച് ഓഫ് ഗോഡ് സഭാ വിശ്വാസിയും, കൊട്ടാരക്കര വിലങ്ങറ ചുരുവിള പുത്തൻവീട്ടിൽ കുടുംബാംഗവുമായ സി.എം.ബഞ്ചമിൻ (76) നവം.27-ന് നിര്യാതനായി. ഭാര്യ: അന്നാമ്മ പനവേലി മാന്തോട്ടം കുടുംബാംഗമാണ്. 30 വർഷങ്ങളായി സൗത്ത് ഫ്ളോറിഡായിൽ താമസിക്കുകയായിരുന്നു. മക്കൾ: മിനി (ഹ്യൂസ്റ്റൺ), ജേക്കബ് (ഫ്ളോറിഡാ), സൂസൻ (ഡാളസ്) മരുമക്കൾ: തോമസ് ജോർജ്ജ് (ഹ്യൂസ്റ്റൺ), ഡോ. റിനു ബഞ്ചമിൻ (ഫ്ളോറിഡാ), തോമസ് ബഞ്ചമിൻ (ഡാളസ്)

### പി.ഇസഡ്.വർഗീസ്



കുമ്പനാട്: ടി.പി.എം.കുമ്പനാട് സഭ ആദ്യകാല വിശ്വാസിയും ലബനോൻ ഗാർഡൻസിൽ പി.ഇസഡ്.വർഗീസ് (മോൻകുഞ്ഞ് -66 റിട്ട.കെ.എസ്.ഇ.ബി.എഞ്ചിനിയർ) നവംബർ 30-ന് നിര്യാതനായി. സംസ്കാരം പാസ്റ്റർ എം.ജോസഫ്കുട്ടിയുടെ നേതൃത്വത്തിൽ നടത്തി. നെടുമുടി പത്തിച്ചിറയിൽ കുടുംബാംഗമാണ്. ഭാര്യ: മേപ്രാൽ പന്ത്രണ്ടിൽ മോളിക്കുട്ടി. മക്കൾ: സന്തോഷ്, ശാന്തി, നീതി, പ്രീതി, മരുമക്കൾ: ആൻസി, ബിനു, സജി, ബിജു

## ഐ.പി.സി കുമളി സെന്റർ കൺവെൻഷൻ

കുമളി: ഐ.പി.സി കുമളി സിൽവർ ജൂബിലി കൺവൻഷൻ ഫെബ്രുവരി 4-9 വരെ കൊച്ചറ ഐ.പി.സി ബഥേൽ ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർ എം.ഐ കുര്യൻ ഉത്ഘാടനം ചെയ്യും. പാസ്റ്റർമാരായ ഫിലിപ്പ് പി. തോമസ്, സണ്ണി കുര്യൻ, കെ.ഒ. തോമസ്, തോമസ് ഫിലിപ്പ്, എം.കെ. ജോർജ്ജ്, കെ.ജെ. തോമസ് എന്നിവർ പ്രസംഗിക്കും.

## കരിയർ കൗൺസലിംഗ്

പുനലൂർ: അസംബ്ലീസ് ഓഫ് ഗോഡ് മദ്ധ്യമേഖല സൺഡേസ്കൂൾ കമ്മറ്റിയുടെ നേതൃത്വത്തിൽ സൺഡേസ്കൂൾ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റിന്റെ കരിയർ കൗൺസലിംഗ് നടക്കും. ഡിസംബർ 25-ന് പുനലൂർ എ.ജി.ആഡിറ്റോറിയം, ഡിസംബർ 26 ന് അടൂർ ടൗൺ എ.ജി. ചർച്ച് , ഡിസംബർ 30 ന് ചെങ്ങന്നൂർ എ.ജി. ചർച്ച്, ഡിസംബർ 31 ന് കോട്ടയം സെന്റൽ എജി.ചർച്ച് എന്നിവടങ്ങളിലാണ് സെമിനാർ നടക്കുന്നത്. 9-12 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് സെമിനാർ പ്രവേശനം ഉണ്ടായിരിക്കും. എങ്ങനെ നന്നായി പഠിക്കാം, പഠനം എങ്ങനെ എളുപ്പമാക്കാം, പഠിക്കാനുള്ള കഴിവ് എങ്ങനെ വർദ്ധിപ്പിക്കാം, സ്വയം അറിയുക തുടങ്ങിയവയും, ഉന്നത വിദ്യാഭ്യാസത്തിന് കോഴ്സുകൾ ഏതൊക്കെ, സർക്കാർ അംഗീകൃത കോഴ്സുകളും സ്ഥാപനങ്ങളും എങ്ങനെ കണ്ടെത്താം തുടങ്ങിയ ഒട്ടനവധി സംശയങ്ങൾക്ക് പരിഹാരം ലഭിക്കത്തക്കവണ്ണമാണ് സെമിനാർ. കൗൺസലർ അജി ജോർജ് വാളകം, പി.സി.തോമസ്, ഷാജൻ ജോൺ ഇടയ്ക്കാട് എന്നിവർ ക്ലാസ്സുകൾ നയിക്കും.

മേഖല ഭാരവാഹികളായ പാസ്റ്റേഴ്സ് ജോസ് ടി.ജോർജ്, ജോസ് വർഗിസ്, സുനിൽ പി.വർഗീസ് എന്നിവർ നേതൃത്വം നല്കും.

## ചെറുവക്കൽ കൺവൻഷൻ ഒരുക്കങ്ങൾപൂർത്തിയായി

വേങ്ങൂർ: തെക്കൻ തിരുവിതാംകൂറിലെ ഏറ്റവും വലിയ ആത്മീയ സംഗമമായി മാറിക്കൊണ്ടിരിക്കുന്ന ചെറുവക്കൽ കൺവൻഷന്റെ ഒരുക്കങ്ങൾ പൂർത്തിയായി. ഐ.പി.സി.വേങ്ങൂർ സെന്ററിന്റെയും, നിലമേൽ, കിളിമാനൂർ ഏരിയാകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഡിസം.22-29 വരെ ചെറുവക്കൽ ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയിൽ നടക്കുന്ന 21-ാമത് കൺവൻഷൻ റവ.ഡോ.ജോൺസൺ ഡാനിയേൽ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ കെജെമാത്യു, രാജേഷ് ഏലപ്പാറ, ജോൺസൺ മേമന, പിസിചെറിയാൻ, വർഗീസ് ഏബ്രഹാം, ജോർജ്ജ് കോവൂർ, സുരേഷ് ബാബു, പിഎ.മാത്യു എന്നിവർ പ്രസംഗിക്കും. ശനിയാഴ്ച ന്യൂ ലൈഫ് സെമിനാരിയിലെ വേദവിദ്യാർത്ഥികളുടെ ബിരുദദാന സമ്മേളനം നടക്കും. ഞായറാഴ്ച സംയുക്ത ആരാധനയോടെ സമാപിക്കും.

## കല്ലിയൂർ ജനറൽ കൺവൻഷൻ

ദി സൗത്ത് ഇൻഡ്യ അപ്പൊസ്തലിക് ചർച്ച് ഓഫ് ഗോഡിന്റെ 62-ാമത് കല്ലിയൂർ ജനറൽ കൺവെൻഷൻ ജനുവരി 14 -19 ഞായർ വരെ കല്ലിയൂർ എബനേസർ ഗ്രൗണ്ടിൽ നടക്കും. ജനറൽ സെക്രട്ടറി പാസ്റ്റർ ജരമ്യാ സുന്ദരത്തിന്റെ അദ്ധ്യക്ഷതയിൽ പ്രസിഡന്റ് പാസ്റ്റർ അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ എം.എസ്. ശമൂവേൽ, പാസ്റ്റർ എം.എ.വർഗീസ്, പാസ്റ്റർ കെ.ജോയി, റവ.റ്റി. പി.വർഗ്ഗീസ്, പാസ്റ്റർ കെകെ.ബാബു, പാസ്റ്റർ ജോയി പാറയ്ക്കൽ, പാസ്റ്റർ ബിജി അഞ്ചൽ തുടങ്ങിയവർ പ്രസംഗിക്കും, പൊതുയോഗങ്ങൾ, പവ്വർ കോൺഫറൻസ്, അപ്പൊസ്തലിക യൂത്ത് മൂവ്മെന്റ്, അപ്പൊസ്തലിക് സണ്ടേസ്ക്കൂൾ അസോസിയേഷന്റെ സംയുക്ത വാർഷിക സമ്മേളനം, അപ്പൊസ്തലിക് വുമൺസ് മൂവ്മെന്റ് സമ്മേളനവും നടക്കും. പാസ്റ്റർ ജോസ് പ്രകാശ് കുരുശുമൂട്ടിൽ ജനറൽ കൺവീനർ, പാസ്റ്റർ രാജൻ പേയാട് (പബ്ലിസിറ്റി), പാസ്റ്റർ നോബിൾ ജോൺ (ഫുഡ്), പാസ്റ്റർ ജ്ഞാനയ്യൻ (പന്തൽ സ്റ്റേജ്), പാസ്റ്റർ ബോവസ് (മൈക്ക് സെറ്റ്), പാസ്റ്റർ റിജോ തോമസ് (ക്വയർ), പാസ്റ്റർ അനിൽ ജേക്കബ് (വോളണ്ടിയേഴ്സ്), പാസ്റ്റർ മോനച്ചൻ (റാലി), പാസ്റ്റർ എ.ജെ. ജോൺ (പ്രയർ), പാസ്റ്റർ ജസ്റ്റിൻ (പ്രോഗ്രാം), പാസ്റ്റർ രാജൻ കോട്ടൂർ (സ്നാന ശുശ്രൂഷ), പാസ്റ്റർ ഡേവിഡ് (അക്കോമഡേഷൻ), പ്രസാദ് (ട്രാൻസ്പോർട്ടേഷൻ) എന്നിവർ നേതൃത്വം നൽകുന്നു.

## അപൂർവ്വരോഗവുമായി നാലരവയസ്സുകാരൻ






മല്ലപ്പള്ളി: അപൂർവ്വരോഗം ബാധിച്ച നാലര വയസ്സുകാരൻ കാരുണ്യം തേടുന്നു. പുറമറ്റം മുണ്ടമല കിഴക്കേചരുവിൽ സുമേഷ്-പ്രീത ദമ്പതികളുടെ മൂത്തമകൻ ജോയലാണ് ഹിമാൻജിയോ രോഗം ബാധിച്ച് ചികിൽസയിലായിരിക്കുന്നത്. ശസ്ത്രക്രിയയ്ക്കായി മൂന്നു ലക്ഷത്തോളം രൂപ ചെലവു വരും.

മുണ്ടമലയിൽ വാടകയ്ക്കു താമസിക്കുന്ന നിർധനകുടുംബത്തിന് ചികിൽസ നടത്താനുള്ള ശേഷിയില്ല. ജോയലിന്റെ സഹോദരൻ മൂന്നു വയസ്സുള്ള ജോബിയും ജന്മനാ ഹൃദയവാൽവിലെ തകരാറിന് ചികിൽസയിലാണ്. ഇതിനായി മൂന്നു ഘട്ടമായി ശസ്ത്രക്രിയ നടത്തണം. സഹായത്തിനായി ഫെഡറൽ ബാങ്ക് കുമ്പനാട് ശാഖയിൽ അക്കൗണ്ട് തുറന്നിട്ടുണ്ട്. നമ്പർ: 13490100117348. ഐ എഫ് എസ് കോഡ്: **FDRL 001349. Ph: 974476854**



ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുവാൻ
മധ്യതിരുവിതാംകൂറിന്റെ ഹൃദയഭാഗമായ തിരുവല്ലായിൽ ഒരു പ്രാർത്ഥനാലയം
IPC Prayer Centre
IPC പ്രെയർ സെന്റർ ചർച്ച്
ജോസീസ് ജംഗ്ഷൻ, പുഷ്പഗിരി റോഡ്, മഞ്ഞാടി, തിരുവല്ല
ആരാധന
എല്ലാ ഞായറാഴ്ചയും
രാവിലെ 8 മുതൽ 11.30 വരെ
പ്രാർത്ഥന
എല്ലാ വെള്ളിയാഴ്ചയും
10.30 മുതൽ 1 മണിവരെ
പാസ്റ്റർ രാജൂ പുവക്കാല
IPC പ്രെയർ സെന്റർ
ഫോൺ: 9847032151, 0469 – 2693249, 9744343051
E-mail: prayercentretvla@gmail.com
rajupoovakala@gmail.com
www.facebook.com/groups/prayercentrethiruvalla





Upgrade your Nursing Career to a
HIGHER LEVEL
20-ാം നൂറ്റാണ്ടിൽ ലഭിച്ച നഴ്സിംഗ് പഠനം 21-ാം നൂറ്റാണ്ടിൽ ആരോഗ്യമേഘലയ്ക്ക് ഉതകുന്നില്ല. നിങ്ങൾക്ക് ഒരു പക്ഷേ നഴ്സിംഗിന് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും, വർഷങ്ങളോളമുള്ള പ്രവർത്തന പരിചയവും ഉണ്ടെങ്കിൽ പോലും ചിലപ്പോൾ നിങ്ങളുടെ സി.വി. പിന്തള്ളപ്പെടാം....
എന്തുകൊണ്ട് നിങ്ങൾ സ്വപ്നം കാണുന്ന ഉന്നത വിദ്യാഭ്യാസ പദവിയിലേക്ക് എത്തിക്കൂടാ.........? GNM കഴിഞ്ഞവർക്ക് നേരിട്ട് രണ്ടു വർഷം കൊണ്ട് വളരെ ചുരുങ്ങിയ ചിലവിൽ P.C.B.Sc Nursing Degree കരസ്ഥമാക്കാം. B.Sc. Nursing കഴിഞ്ഞവർക്ക് രണ്ട് വർഷം കൊണ്ട് Pediatric, Medical & Surgical, Maternity, Community Health, Psychiatric എന്നീ ശാഖകളിൽ M.Sc. Nursing നേടാം. M.Sc. Nursing നേടിയവർക്ക് Research ലൂടെ Nursing Ph.D കരസ്ഥമാക്കാം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.
FOR COUNSELLING & ADMISSION
98471 43030
P.C.B.Sc NURSING
Regular & Correspondance
M.Sc NURSING
Regular & Correspondance
Least Package ● Fees in Easy Installments ● Loan facility
DISHAA FOUNDATION
2nd Floor, sankaramangalam bldgs,
Cross junction, Thiruvalla - 1
0469-3250555, 3268555
dishaafoundation@hotmail.com
www.dishaafoundation.com
facebook /dishaafoundation



പവർ കട്ടോ?
MICROTEK TECHNOLOGY WE LIVE
V-GUARD
പ്രമുഖ കമ്പനികളുടെ ഇൻവർട്ടറുകൾക്കും, ബാറ്ററികൾക്കും ബന്ധപ്പെടുക
Authorized dealer: Microtek, V Guard, Exide
CROWN POWER SOLUTIONS, Kallissery
Phone: 9747560007, 9747560560
Associate: Kottayam, Tiruvalla, Alappuzha, Kollam, Mallappally, Paippad
(പെന്തെക്കോസ്ത് വിശ്വാസികളാൽ നടത്തപ്പെടുന്ന സ്ഥാപനം)

ഇത്രത്തോളം കൊണ്ടുവന്ന ദൈവത്തിന് സ്തോത്രം.
നിങ്ങൾക്ക് പുതിയ പോളിസി എടുക്കുന്നതിനും,
നിങ്ങളുടെ പണം സുരക്ഷിതമായി
നിക്ഷേപിക്കുന്നതിനും ഞങ്ങൾ നിങ്ങളെ സഹായിക്കാം.





C.G. സാംകുട്ടി & സാറാമ്മ സാംകുട്ടി
Chief Life Insurance Advisors.
Corporate Club Member, Chairman's Club Member
തൊഴിലവസരം
ഇന്ത്യയിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും LIC ഇൻഷ്വറൻസ് അഡ്വൈസർമാരെ ആവശ്യമുണ്ട്. കുറഞ്ഞ യോഗ്യത SSLC പാസ്സ്. മാന്യമായ സ്ഥിര വരുമാനം സമ്പാദിക്കാം. ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക. ഇന്ത്യയിലെ എല്ലാ LIC ബ്രാഞ്ചുകളിലെയും പ്രീമിയം പോളിസികൾ ഞങ്ങളുടെ ഓഫീസിൽ കൂടി അടക്കുവാൻ അവസരം.
OFFICE: LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt.Bus Stand, Pulamon, Kottarakkara
Ph: 9447192916, 9446185886, 04734-212916
sarammasamkutty@yahoo.com
ഗിൽഗാൽ ജെംഭവൻ, ഏനാത്ത് പി.ഒ.,
പത്തനംതിട്ട (Dist).

# ഹാലേലൂയ്യ matrimony

**മക്കളുടെ വിവാഹത്തിന് ഒരു ടെലിഫോൺ കോളും 500 രൂപയും**

ഹാലേലൂയ്യായിൽ വിവാഹ പരസ്യം പ്രസിദ്ധീകരിക്കുവാൻ താത്പര്യപ്പെടുന്നവർക്ക് ടെലിഫോൺ വഴിയും പരസ്യങ്ങൾ നൽകാവുന്നതാണ്.

**93495 00155, 0469-3290355**

രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട്, പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച യുവതി 25, 165cm, M.Sc Nurse, പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചതും ഉയർന്ന ജോലിയും വിദ്യാഭ്യാസവുമുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**Phone: 9745791267, 9496330562**

Born again baptized ornament wearing, syrian christian girl 26, 164, fair, M.Sc.Nursing, seeks suitable alliance from born again pentecostal professionally qualified persons in India or abroad.
**Contact USA: 001 8329321333, 001 83261480582**
**India: 0091-755801 4315, 0091 9847741653**
**kangikkalsamueljohn @yahoo.co.uk**

മാർത്തോമ്മാ പശ്ചാത്തലത്തിൽ നിന്ന് പെന്തെക്കോസ്ത് വിശ്വാസത്തിലേക്ക് വന്ന യുവാവ് 27, 5'6, വെളുത്ത നിറം, G.N.M. ബോംബെയിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**Phone: 9847182372, 0477-2210741**

നാടാർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 25, 154cm, വെളുത്ത നിറം, B.Sc.Nurse, ഇപ്പോൾ ബാംഗ്ലൂരിൽ ട്യൂട്ടറായി ജോലി ചെയ്യുന്നു. പ്രൊഫഷണലി ക്വാളിഫൈഡായിട്ടുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**Phone: 9895853859, 8129776743**
**geethakumari04@gmail.com**

**പുനർവിവാഹം**
സുറിയാനി യാക്കോബായ സഭയിൽ നിന്നും പെന്തെക്കോസ്ത് വിശ്വാസത്തിൽ തനിച്ചു നില്ക്കുന്ന യുവതി 43, 152, സുവിശേഷ തൽപ്പരരും വലിയ ബാധ്യത ഇല്ലാത്തവരുമായ 50 -വയസും അതിൽ താഴെ പ്രായമുള്ളവരിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
ഫോൺ: 8156830137

ഡിസംബർ അവസാനം നാട്ടിൽ വരുന്ന ഓർത്തഡോക്സിൽ നിന്ന് വിശ്വാസത്തിൽ വന്ന പെന്തെക്കോസ്ത് യുവതി 27, 5.1, വെളുത്ത നിറം, GNM, സൗദിയിലെ പ്രൈവറ്റ് മെഡിക്കൽ കോളജിൽ ജോലി ചെയ്യുന്നു. വിദേശത്ത് ജോലി ചെയ്യുന്ന യുവാക്കളുടെ മാതാപിതാക്കളിൽ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 9544821948**

ബൈബിൾ കോളജിൽ പഠിച്ച സുവിശേഷ വേലക്ക് വിളിയുള്ള നാടാർ പെന്തെക്കോസ്ത് യുവതി, 30, 150 സെമീ, ഇടത്തരം കുടുംബം, സുവിശേഷ വേലയിൽ തത്പരരായ പെന്തെക്കോസ്ത് യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 9249232596, 8086252437**

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവാവ് 35, 167cm, fair, സൗദി അറേബ്യയിൽ Accountant ആയി ജോലി ചെയ്യുന്നു. അനുയോജ്യരായ പെന്തെക്കോസ്ത് യുവതികളുടെ (B.Sc.Nurse or B.Ed) മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 8606513464, 9605329382**
**moses7297@gmail.com**

തന്റേതല്ലാത്ത കാരണത്താൽ വിവാഹ ശേഷം ഒന്നര മാസത്തിനകം കോടതി മുഖേന വിവാഹ ബന്ധം വേർപെടുത്തിയ സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവാവ് 35, 5'6, BA, വിദേശത്ത് ജോലിയിലായിരുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 9947254362, 8156925066**


Every good gift and every perfect gift is from above, coming down from the *Father of lights*

Since : 1988 GRACE Visual media

make your dream reality
Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc...., Advertising, Fashion Photography, Cinimatography, Video Album Direction & Event plus...Tension free events...

HIGH DEFINITION PHOTOGRAPHY & VIDEO GRAPHY

Direction: HEBORN DAVID (sabu)
Grace Visual Media Shoranur, palakkad Dt., Kerala, S- India
09447255475, 09447370979
www.gracevisualmedia.com, E-mail: gracevisual@gmail.com


Seeking suitable alliance for US citizen Syrian Christian born again boy 35, 5'10, medium build, M.Sc Nursing working as Nurse practitioner from parents of girls tall and slim settled in USA.
**281-692-9924**
**saramninan@yahoo.com**

നാടാർ പെന്തെക്കോസ്ത് യുവതി 33, 150 cm, S.S.L.C., സുവിശേഷവേല ചെയ്യുന്ന യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9446807839**

ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി (45/156), വെളുത്ത നിറം (ആദ്യ വിവാഹം), BA Completed, NTCC Computer, നല്ല ആത്മിക നിലവാരം പുലർത്തുന്ന യുവതി, ആത്മീയരായ യുവാക്കളിൽ/സുവിശേഷകരിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 8281305715, 9562254226**

Proposals invited for a B.Tech qualified pentecostal girl 28, 158cm, fair, from parents of professionally qualified spiritfilled boys.
**Phone: 9447 515945**

Christian parents invite proposals for their daughter (born again, baptized, 23/158, slim, B.S/ Computer Science, spiritual, U.S.Citizen/OCI) from parents of born again, baptized and professionally qualified boys, preferably from U.S., **+91 944 745 7068, +1 405 256 2262; 54isaiah10@gmail.com**

## ഐ.പി.സി ഈരാറ്റുപേട്ട സെന്റർ കൺവെൻഷൻ

ഈരാറ്റുപേട്ട: ഐ.പി.സി ഈരാറ്റുപേട്ട ഏരിയായുടെ മൂന്നാമത് കൺവെൻഷൻ നവംബർ 28-ഡിസംബർ 1 വരെ ഷെക്കേന ചർച്ച് ഗ്രൗണ്ടിൽ നടന്നു. ഏരിയാ പ്രസിഡന്റ് പാസ്റ്റർ രാജേഷ് പ്ലാത്തോട്ടം ഉത്ഘാടനം ചെയ്തു. പാസ്റ്റർമാരായ സണ്ണി കുര്യൻ, ഷിബു നെടുവേലിൽ, രാജു പൂവക്കാല, ജേക്കബ് ജോർജ്, കോശി വൈദ്യൻ, ദ്യൈരെയ് രാജ് എന്നിവർ പ്രസംഗിച്ചു.



## ആസ്ട്രേലിയ പെർത്ത്

**കേരളത്തിൽ നിന്ന് ഉപരിപഠനത്തിനും ജോലിക്കുമായി ആസ്ട്രേലിയായിലെ പെർത്തിൽ വരുന്നവർക്ക് വിശുദ്ധിയിലും വേർപാടിലും സത്യദൈവത്തെ ആരാധിക്കുവാൻ ഒരിടം**

സ്ഥലം: 445, CHARLES STREET, NORTH PERTH
ആരാധനാ സമയം: SUNDAY 9.30 TO 12.00
**Contact : Pr.Roshan Thomas,**
**62 Glendale Ave., Hamersley-6022**
**Western Australia**
**Phone : +61404399916 +919846636431**
www.perthgospelchurch.com mtroshan@yahoo.co.in

## ARMY OF JESUS GOSPEL MINISTRIES


ഇന്ത്യയിലെ 21 സംസ്ഥാനങ്ങളിൽ 10,000ൽപരം പ്രാർത്ഥനാ പോരാളികൾ നിരന്തരമായി പ്രാർത്ഥിക്കുന്നു. വിശ്വാസത്തോടുകൂടി വിളിക്കുക. പ്രത്യേകമായി കൗൺസലിംഗ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

**പാസ്റ്റർ അനിയൻകുഞ്ഞ് ജോർജ്ജ്**
**ARMY OF JESUS GOSPEL MINISTRIES**
Malayattoor P.O., Kalady via Ernakulam Dt.,
Ph: +91 9846821874, armyofjesusprayergroup@gmail.com

## INTERNATIONAL REVIVAL CHURCH, TORONTO

P.O. BOX 30074, 5035 Hurontario St., Mississauga, ON L4W 0B0, CANADA.
WORSHIP PLACE: 4150 Chesswood Dr. North York, ON M3J 2B9

***Sunday Worship Service:***
Malayalam 9.00 a.m. - 10.15 a.m.
English 11.00 a.m. - 12.30 p.m.
Sunday School 10.15 a.m. - 11.00 a.m
Cottage Meeting: Friday 7.30 p.m. - 9.30 p.m.
Saturday Prayer Meeting: 7.30 p.m. - 9.30 p.m.
Youth Meeting/Ladies meeting:
2nd Saturday 7.30 p.m. - 9.30 p.m.



***Pastor John Thomas (647) 833 9744***
pastorjt@irctoronto.com Web:**www.irctoronto.com**

**WHEN YOU ARE IN TORONTO, JOIN US FOR INDEPTH STUDY OF THE WORD AND SPIRITFILLED WORSHIP IN A FAMILY ATMOSPHERE.**


Dubai Visa Rs. 4250/- Onwards @ Alhind Holidays
US / EUROPE / AFRICA
AUSTRALIA & NEW ZEALAND
Visa service at reasonable service charge
ഖത്തർ, ഒമാൻ, ചൈന, സിംഗപ്പൂർ, മലേഷ്യ, തായലന്റ്, ശ്രീലങ്ക വിസകൾ കുറഞ്ഞ നിരക്കിൽ...
Mesmerizing Dubai Shopping Festival 4 Nights 5 Days (DSF-2014)
Just Rs: 54500 only ( Per person on twin share base)
alhind holidays Pvt. Ltd.
Kolathu Parambil Building,
Shastri Road, Kottayam -686001
Phone: 0481 3011000, 230 2700
Call: 9496 00 5912


## ഐ.പി.സി ശാലോം ഫെലോഷിപ്പ് ആരാധന പുതിയ സ്ഥലത്തേക്ക്

- 'യഥാർത്ഥ പെന്തക്കോസ്ത്' അഭിഷേകത്തിന്റെ ആരാധന
- 'യഥാർത്ഥ പെന്തക്കോസ്ത്' ഉപദേശങ്ങളുടെ വചനശുശ്രൂഷ
- 'യഥാർത്ഥ പെന്തക്കോസ്ത്' അനുഭവങ്ങളുടെ കൂട്ടായ്മ

**IPC SHALOM FELLOWSHIP**
*real pentecostals*

എല്ലാ ഞായറാഴ്ചയും ആരാധന 9 മുതൽ 10.30 വരെ ഇംഗ്ലീഷിലും 10.30 മുതൽ 12 വരെ മലയാളത്തിലും.

ഐ.പി.സി ശാലോം ഫെലോഷിപ്പ് വൈറ്റിലയിൽ എൻ.എച്ച്. ബൈപാസ് ഓവർ ബ്രിഡ്ജിന് താഴെ I Drive പാർക്കിംഗ് സമീപത്ത് നടന്നുകൊണ്ടിരുന്ന ആരാധന വൈറ്റില ജനതാ റോഡിലേക്ക് മാറ്റിയിരിക്കുന്നു.

Ph: 9847748079, 9895591379,
E-mail: shalomvyttila@hotmail.com, Web: www.shalomprayercentre.org

## മണിമലയാറിന്റെ തീരത്ത് ആത്മീയ ആരാധനക്ക്

21-ാം വർഷം

## ഐ.പി.സി ബഥേൽ വർഷിപ്പ് സെന്റർ

ലയൺസ് ക്ലബിന് സമീപം, മണിമല



**കൃപാവരശുശ്രൂഷകൻ**
**പാസ്റ്റർ സജി പി ഏബ്രഹാം (കാനം സജി)**
**നേതൃത്വം നൽകുന്നു.** ഫോൺ: 9846184544

ആരാധന: ഞായർ 10.00-1.00
സണ്ടേസ്കൂൾ 9.00-10.00
ഉപവാസയോഗം: വെള്ളി 10.30-1.00

**ആരാധന-വിടുതൽ-ദൈവീക ആലോചന**

## തിരുവനന്തപുരത്ത് സെല്ലാറുകൾ വില്പനക്ക്

തിരുവനന്തപുരത്ത് നെട്ടയം മലമുകളിൽ 12 അടി വഴി frontage ഉള്ള സെല്ലാറുകൾ (കല്ലറകൾ) വില്പനക്ക്.

**ഫോൺ: 8714229702, 8547702705**

No. 1 Christian Newspaper
# HALLELUJAH Fortnightly
Mob: 9349500155, 0469-3290355

Hallelujah
Periyillathu Thoppil Complex
Near YMCA, Tiruvalla - 689 101
Pathanamthitta, Kerala, India.
hallelujahnews@gmail.com

Reg. No. **KL/KTM/209/2012-14**
Licence No. **KL/CR/KTM/WPP-28/2012-14**
Licensed to Post without Prepayment
Posted on **15th December 2013 at RMS Kottayam**

FIRE WINGS
FAN INTO FLAME

ആത്മശക്തിയുള്ളവന് ജയിക്കുവാൻ
കഴിയാത്തമരുഭൂമികളില്ല...
ദൈവസ്നേഹമുള്ളവനെ വിഷാദിപ്പിക്കുവാൻ
തള്ളിപ്പറച്ചിലിന്റെ അരമനമുറ്റങ്ങൾക്കാവില്ല...
ദൈവേഷ്ടത്തിനായർപ്പിക്കപ്പെട്ടവനെ പിന്തിരിപ്പിക്കാൻ
ഗദ്സെമെനകൾക്കാവില്ല....
നിവർത്തിയാക്കേണ്ട ദൈവീക പദ്ധതികളെക്കുറിച്ച്
തിരിച്ചറിവുള്ളവനെ തകർക്കുവാൻ
കാൽവരികൾക്കു കഴിയില്ല...

ആത്മദാഹമുള്ള യുവതലമുറയുടെ
അഗ്നി സ്വപ്നങ്ങൾക്ക് ചിറക് ധരിപ്പിച്ച
FIRE WINGS ന്റെ

ANNUAL PRAYER CONFERENCE
acts 29

CONT: 8281033374
9447472145

REGISTRATION FEE Rs1000

WORSHIP LEAD BY
Br. CHIKKU KURIAKOSE & Br. LORDSON

പ്രാർത്ഥനാഗിരിയുടെ കാത്തിരിപ്പിൽ
അഭിഷേകമായിറങ്ങുന്ന
ആത്മീയാഗ്നിക്കായി,വരിക.
നമുക്ക് കാത്തിരിക്കാം...
സഭാഗാത്രത്തിലേക്കൊഴുകിയിറങ്ങുന്ന
നവമൊരഭിഷേകത്തിനായി....

@ MARTHOMA YOUTH CENTER,ADOOR
2014 JANUARY 20-24

നേതൃത്വം നല്കുന്നവർ
Pr. FINNY STEPHEN SAMUEL, Br. BIJI ANCHAL, Pr. JOHN VARGHESE, Pr. REJI MATHEW, Br. RAISON THOMAS, Br. BINOY KOTTARAKKARA, Br. RAJIV VARGHESE

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ എറണാകുളം സെന്റർ കൺവൻഷൻ

ജീവവചനം-2014

മറൈൻഡ്രൈവ്, എറണാകുളം

2014 ജനുവരി 2, 3, 4, 5 (വ്യാഴം, വെള്ളി, ശനി, ഞായർ). ദിവസവും വൈകീട്ട് 5.30 മുതൽ 8.30 വരെ
സംയുക്ത ആരാധന 5 ഞായർ. രാവിലെ 9.00 മുതൽ 1.00 വരെ

സമാധാന സന്ദേശങ്ങളുടേയും,
സംഗീത ശുശ്രൂഷയുടേയും,
രോഗശാന്തിയുടേയും, ആരാധനയുടേയും,
അനുഗ്രഹത്തിന്റേയും നാലുദിനങ്ങൾ...

സഹോദരിമാർക്കുള്ള പ്രത്യേക സമ്മേളനം 3 വെള്ളി രാവിലെ 10.00 മുതൽ 1.00 വരെ
കുട്ടികൾക്കും യുവജനങ്ങൾക്കുമുള്ള പ്രത്യേക സമ്മേളനം 4 ശനി ഉച്ചയ്ക്ക് 2.00 മുതൽ 4.00 വരെ
എറണാകുളം സെന്റർ മാസയോഗം 4 ശനി രാവിലെ 10.00 മുതൽ 1.00 വരെ

ജീവിതത്തെ അലട്ടുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനായും, രോഗികൾക്കു വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുന്നു.

പ്രസംഗകർ
പാസ്റ്റർ പി.ആർ.ബേബി
പാസ്റ്റർ ബാബു ചെറിയാൻ
ഡോ. ഏഴംകുളം സാംകുട്ടി
പാസ്റ്റർ ജേക്കബ് ജോൺ
പാസ്റ്റർ റ്റിനു ജോർജ്ജ്
പാസ്റ്റർ കെ.സി.ശാമുവേൽ

ഏവർക്കും സ്വാഗതം

സംഗീതം-ലിവിംഗ് വോയിസ് & ബ്രദർ ചിക്കു കുര്യാക്കോസ്

വൈസ് പ്രസിഡന്റ്, പാ. ജോൺ ടി. മാത്യു
9447475555

സെക്രട്ടറി, പാ. കെ.എസ്.സണ്ണി
9495255370

ജനറൽ കൺവീനർ, സുവി : സി. ഐസക്ക്
9447811030

പബ്ലിസിറ്റി കൺവീനർ, പാ. സി.റ്റി.മാത്യു
9947727568

PRINTED,PUBLISHED & OWNED BY PLENCY GEORGE AND PRINTED AT MANGALAM PRESS, S.H.MOUNT .P.O.KOTTAYAM, KERALA-686 006 . AND PUBLISHED FROM HALLELUJAH, P.O.BOX.NO.1, PERIYILLATHU THOPPIL COMPLEX, TIRUVALLA,PATHANAMTHITTA DISTRICT,KERALA-689 101. EDITOR: SAMKUTTY M.CHACKO.